VOL NO: 05 I ISSUE 31
www.nerpatham.com
mail@nerpatham.com

2021 AUGUST 07 I ₹12

# നേർപഥം

വാരിക

# കോവിഡ് പ്രതിസന്ധിയും സാമ്പത്തിക അച്ചടക്കത്തിന്റെ അനിവാര്യതയും



കോവിഡ് മഹാമാരി മനുഷ്യജീവിതത്തിൽ പിടിമുറുക്കിയിട്ട് രണ്ട് വർഷത്തോടടുക്കുന്നു. ചുരുക്കം ചില മേഖലകളിലൊഴികെ സമൂഹത്തിന്റെ ഏതാണ്ടെല്ലാ രംഗത്തും വൻ സാമ്പത്തിക ഞെരുക്കം കടന്നുവന്നിരിക്കുകയാണ്. കൃത്യമായ ആസൂത്രണത്തിലൂടെയും ധനവിനിയോഗത്തിലൂടെയും മുന്നോട്ടുപോയാൽ മാത്രമെ ഇനിയുള്ള കാലം അതിജീവിക്കാൻ കഴിയൂ.


- ഹിജ്‌റയുടെ ഓർമകൾ
- അഹ്‌ലുസ്സുഫ്ഫയും പട്ടിണിയും
- എം.സി.സി അബ്ദുർറഹ്മാൻ മൗലവി
- എലാങ്കോട് കുഞ്ഞബ്ദുല്ല ഹാജി; വേറിട്ട വ്യക്തിത്വം


ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

0237

# നേർപഥം

വാരിക

2021 ആഗസ്ത് 07

1442 ദുൽഹിജ്ജ 27

പുസ്തകം 05 / ലക്കം 31

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








10

## കോവിഡ് പ്രതിസന്ധിയും സാമ്പത്തിക അച്ചടക്കത്തിന്റെ അനിവാര്യതയും

ഉസ്മാൻ പാലക്കാഴി

05
**മുഖമൊഴി**
ഹിജ്റയുടെ ഓർമകൾ
എഡിറ്റർ

06
**പുനർവായന**
എം.സി.സി അബ്ദുർറഹ്മാൻ മൗലവി
എൻ.വി അബ്ദുസ്സലാം ബിൻ മുഹമ്മദ്

17
**നമുക്ക് ചുറ്റും**
കണ്ടാലും കൊണ്ടാലും
പഠിക്കാത്ത സമൂഹം!
ടി.കെ.അശ്റഫ്

18
**വിവർത്തനം**
ആരാധനകൾക്കൊരു
ആമുഖം
ശമീർ മദീനി

24
**ക്വുർആൻ ദർശനം**
അൽക്വമർ, ഭാഗം 3
അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവർത്തനം: ഹാരിസ് ബിൻ സലീം

26
**ചരിത്രപഥം**
അഹ്ലുസ്സ്വുഫ്ഫയും പട്ടിണിയും
ഹുസൈൻ സലഫി, ഷാർജ

31
**സ്മരണ**
എലാങ്കോട് കുഞ്ഞബ്ദുല്ല ഹാജി;
വേറിട്ട വ്യക്തിത്വം
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

34
**ബാലപഥം**
പൂന്തോട്ടം / പൂമ്പാറ്റ
ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര

ചലനങ്ങൾ

# പി.എസ്.സി; യുവാക്കളുടെ പ്രതീക്ഷകളെ അടിച്ചമർത്തരുത്: വിസ്ഡം യൂത്ത് എൻവിഷൻ

കോഴിക്കോട്: പിഎസ്സി മത്സര പരീക്ഷകൾക്കായി അത്യദ്ധ്വാനം ചെയ്ത് മാർക്കുനേടി മുൻഗണനാ ലിസ്റ്റിൽ ഇടംനേടി ജോലി കാത്തിരിക്കുന്ന യുവാക്കളുടെ പ്രതീക്ഷകൾക്കുമേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട്, നിയമന ലിസ്റ്റിന്റെ കാലാവധി നീട്ടുകയില്ലെന്ന സർക്കാർ സമീപനം കടുത്ത അനീതിയും പ്രതിഷേധാർഹവുമാണെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് യോഗം അഭിപ്രായപ്പെട്ടു.

പാർട്ടി പ്രവത്തകർക്കായി പിൻവാതിൽ നിയമനങ്ങൾക്ക് സൗകര്യമൊരുക്കാനാണ് ലിസ്റ്റ് കാലാവധി നീട്ടാത്തതെന്ന ആരോപണം ഗൗരവകരമാണ്. പിഎസ്സി നിയമനങ്ങൾ സുതാര്യമാക്കുകയും ആരോപണങ്ങൾക്ക് അറുതിവരുത്താൻ നീതിയുക്തമായ സമീപനം സ്വീകരിക്കുകയും ചെയ്യണം.

സർക്കാർ മേഖലയിലെ തൊഴിൽ രംഗത്തെ ഇത്തരം പുകമറകൾ നിരാലംബരായ കുടുംബങ്ങളിലെ മിടുക്കരായ യുവാക്കൾക്ക് നിരാശയുണ്ടാക്കുമെന്നും കക്ഷിത്വത്തിനതീതമായ നടപടികളും സമീപനങ്ങളുമാണ് സർക്കാർ സ്വീകരിക്കേണ്ടതെന്നും സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി അധ്യക്ഷനായിരുന്നു. കെ. താജുദ്ദീൻ സ്വലാഹി, അബ്ദുല്ല ഫാസിൽ, മുജീബ് ഒട്ടുമ്മൽ, സുഹൈൽ പി.യു, പി.വി അനിൽ പ്രിംറോസ്, ഡോ.ഫസലുർറഹ്മാൻ, ജംഷീർ സ്വലാഹി, യു. മുഹമ്മദ് മദനി, ഒ. മുഹമ്മദ് അൻവർ പ്രസംഗിച്ചു.

## ഭിന്നശേഷിക്കാർക്കുള്ള ഗ്രേസ് മാർക്ക് നിർത്തലാക്കിയ ഉത്തരവ് പിൻവലിക്കുക: വിസ്ഡം യൂത്ത്

കോഴിക്കോട്: സർക്കാർ എസ്റ്റാബ്ലിഷ്മെന്റ് പ്രകാരം ഭിന്നശേഷിക്കാർക്കായി സംവരണം ഒരു ശതമാനം ഉയർത്തിയതിനു പകരമായി പിഎസ്സി മത്സര പരീക്ഷകളിലെ ഗ്രേസ് മാർക്ക് നിർത്തലാക്കിയ നടപടി അനുചിതവും നീതിനിഷേധവും ആകയാൽ ഉത്തരവ് പിൻവലിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സമിതി കാഴ്ചപരിമിതർക്കായി സംഘടിപ്പിച്ച 'എൻവിഷൻ' വിജ്ഞാനവിരുന്ന് ആവശ്യപ്പെട്ടു.

ഭിന്നശേഷിക്കാർക്ക് വികലാംഗക്ഷേമ കോർപ്പറേഷനിൽനിന്ന് നൽകുന്ന വായ്പകൾ സബ്സിഡി യുള്ളതും പലിശരഹിതവും ആക്കി വിദ്യാഭ്യാസാനുകൂല്യങ്ങൾക്കും ഉപജീവനം എളുപ്പമാക്കാനും സാഹചര്യമൊരുക്കണം.

സർക്കാർ തലങ്ങളിലെ സ്ഥാപനങ്ങളിലെന്നപോലെ എയ്ഡഡ് സ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കാനുള്ള സുപ്രീംകോടതി വിധി ദ്രുതഗതിയിൽ നടപ്പാക്കണമെന്നും വിസ്ഡം യൂത്ത് 'എൻവിഷൻ' ആവശ്യപ്പെട്ടു.

'എൻവിഷൻ' വിജ്ഞാനവിരുന്ന് വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി ഉൽഘാടനം ചെയ്തു. മുഹമ്മദ് മുഹ്സിൻ എംഎൽഎ മുഖ്യാഥിതിയായിരുന്നു. വിസ്ഡം യൂത്ത് സംസ്ഥാന ജനറൽ കൺവീനർ ഷംസാദ് മാസ്റ്റർ ചാവക്കാട് ആധ്യക്ഷ്യം വഹിച്ചു. ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി, സെക്രട്ടറി യു. മുഹമ്മദ് മദനി, കോഡിനേറ്റർ സകരിയ്യ പാണ്ടിക്കാട് തുടങ്ങിയവർ സംസാരിച്ചു.

മുഖമൊഴി

# ഹിജ്‌റയുടെ ഓർമകൾ

മാനവരാശിയെ വെളിച്ചത്തിലേക്ക് നയിക്കുവാൻ വേണ്ടി പ്രപഞ്ച സ്രഷ്ടാവ് നിയോഗിച്ച മുഹമ്മദ് നബിﷺക്കും അദ്ദേഹത്തിന്റെ അനുചരന്മാർക്കും തങ്ങൾ ജനിച്ചുവളർന്ന നാടും വീടും സമ്പത്തുമെല്ലാം വിട്ടേച്ചുകൊണ്ട് മദീനയിലേക്ക് പലായനം ചെയ്യേണ്ടിവന്നു. വർഷങ്ങളോളം നീണ്ട ശാരീരികവും മാനസികവുമായ പീഡനങ്ങളും ഊരുവിലക്കുമെല്ലാം സഹിച്ച ശേഷമാണ് പലായനം ചെയ്യുവാൻ ലോകരക്ഷിതാവിന്റെ നിർദേശമുണ്ടായത്.

പലായനം കേവലമൊരു യാത്രയല്ല, പറിച്ചുനടലാണ്. മഹാത്യാഗമാണ്. പ്രിയപ്പെട്ടതും പ്രിയപ്പെട്ടവരുമായ പലതിനെയും പലരെയും വിട്ടേച്ചുകൊണ്ടുള്ള യാത്ര. ഹൃദയം നുറുങ്ങുന്ന വേദനയോടെയല്ലാതെ ആർക്കുമതിന് സാധ്യമല്ല. അതൊരു നാടുവിടലാണ്. ജോലിതേടിയോ കച്ചവടാവശ്യാർഥമോ വിവാഹാവശ്യാർഥമോ ഉള്ളതല്ല; വിശ്വാസ സംരക്ഷണാർഥമുള്ളത്. സത്യവിശ്വാസിയായി ജീവിച്ച് സൽകർമങ്ങൾ ചെയ്ത് ദൈവപ്രീതി കരസ്ഥമാക്കി മരിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നേടത്തേക്ക് അത് ലഭിക്കാത്ത നാട്ടിൽനിന്നുള്ള യാത്ര. അനിവാര്യമായ ഘട്ടത്തിൽ അവരതിന് വൈമനസ്യം കാണിച്ചില്ല. അവരുടെ മനസ്സിൽ പരലോക രക്ഷ മാത്രമായിരുന്നു. അതിനുവേണ്ടി ഏത് അഗ്നിപരീക്ഷയും നേരിടാൻ അവർ ഒരുക്കമായിരുന്നു. മതമനുസരിച്ച് ജീവിക്കുവാൻ വേണ്ടി മാത്രമാണ് അവർ സ്വദേശം വെടിയാൻ തയ്യാറായത്. സ്രഷ്ടാവിന്റെ കാരുണ്യത്തിലായിരുന്നു അവരുടെ പ്രതീക്ഷ.

“വിശ്വസിക്കുകയും, സ്വദേശം വെടിയുകയും, അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിൽ ഏർപെടുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു...”(ക്വുർആൻ 2:218).

എല്ലാറ്റിലും വലുതായി അല്ലാഹുവിനെയും അവന്റെ ദൂതനെയും കാണുന്നവർക്കേ ഈ മഹാത്യാഗത്തിന് കഴിയുകയുള്ളൂ.


“...ആകയാൽ സ്വന്തം നാട് വെടിയുകയും, സ്വന്തം വീടുകളിൽ നിന്ന് പുറത്താക്കപ്പെടുകയും, എന്റെ മാർഗത്തിൽ മർദിക്കപ്പെടുകയും, യുദ്ധത്തിൽ ഏർപെടുകയും, കൊല്ലപ്പെടുകയും ചെയ്തിട്ടുള്ളവരാരോ അവർക്ക് ഞാൻ അവരുടെ തിന്മകൾ മായ്ച്ചുകൊടുക്കുന്നതും, താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവരെ ഞാൻ പ്രവേശിപ്പിക്കുന്നതുമാണ്. അല്ലാഹുവിങ്കൽനിന്നുള്ള പ്രതിഫലമത്രെ അത്. അല്ലാഹുവിന്റെ പക്കലാണ് ഉത്തമമായ പ്രതിഫലമുള്ളത്” (ക്വുർആൻ 3:195).

അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തിന്റെയും അവനിലുള്ള ആത്മാർഥമായ ഭരമേൽപിക്കലിന്റെയും ഉദാത്തമായ മാതൃകകൾ ഏറെ ഹിജ്‌റയുടെ ചരിത്രത്തിൽ കാണാം. അബൂബക്ർ﵁ പറയുന്നു: “ഞങ്ങൾ ഥൗർ ഗുഹയിലായിരിക്കെ തലക്കുമുകളിലൂടെ നടന്നുനീങ്ങുന്ന മുശ്‌രിക്കുകളുടെ പാദങ്ങൾ ഞാൻ കണ്ടിരുന്നു. അന്നേരം ‘അല്ലാഹുവിന്റെ ദൂതരേ, അവരാരെങ്കിലും പാദങ്ങൾക്കു ചുവട്ടിലൂടെ നോക്കിയാൽ നമ്മെ കണ്ടെത്തുമല്ലോ’ എന്നു ഞാൻ പറഞ്ഞു. അപ്പോൾ പ്രവാചകൻﷺ പറഞ്ഞു: ‘അബൂബക്റേ, മൂന്നാമനായി അല്ലാഹു കൂടെയുള്ള രണ്ടാളുകളെക്കുറിച്ച് താങ്കളുടെ വിചാരമെന്താണ്?’ (ബുഖാരി, മുസ്‌ലിം).

അല്ലാഹുവിന്റെ ഏകത്വത്തിലുള്ള ഉള്ളറിഞ്ഞ ദൃഢബോധം, അവൻ അനാദിയും അനന്തനും പ്രപഞ്ചസ്രഷ്ടാവും വിധാതാവും പരിപാലകനുമാണ് എന്ന അറിവും ഓർമയും, തനിക്ക് ജന്മവും ജീവിതവും മരണവും സുഖവും ദുഃഖവും രോഗവും ആരോഗ്യവും ക്ഷേമവും ക്ഷാമവും ആപത്തും അനുഗ്രഹവുമെല്ലാം നൽകുന്നത് ഏകനായ അല്ലാഹുവാണെന്ന നിതാന്ത ബോധവും വിശ്വാസിക്കുണ്ടായിരിക്കണം. അപ്പോൾ അവന്റെയുള്ളിൽ ശുഭപ്രതീക്ഷ വളരും. അല്ലാഹുവിന്റെ സാമീപ്യം ലഭിക്കുവാനുള്ള അടങ്ങാത്ത താൽപര്യവുമുണ്ടായിത്തീരും. അതവനെ കർമനിരതനാക്കും. ദുരിത ഘട്ടത്തിൽ അവൻ നിരാശനാകില്ല. സ്വഹാബികൾ സ്വദേശവും സ്വഗേഹങ്ങളും വെടിഞ്ഞ് മദീനയിലേക്ക് ഹിജ്‌റ പോകാൻ തയ്യാറായത് പാരത്രിക വിജയം ആഗ്രഹിച്ചുകൊണ്ട് മാത്രമായിരുന്നു.

എൻ.വി അബ്ദുസ്സലാം ബിൻ മുഹമ്മദ്
mail@nerpatham.com

പുനർവായന



# എം.സി.സി അബ്ദുർറഹ്മാൻ മൗലവി

**(1971 ഫെബ്രുവരിയിൽ പുറത്തിറങ്ങിയ 'സൽസബീൽ' ത്രൈമാസികയിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനം).**

പരേതനായ എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുമായി ഈ ലേഖകനു മുപ്പതുകൊല്ലത്തെ സ്നേഹബന്ധവും പരിചയവും ഉണ്ടെങ്കിലും എ.സി.സി സ്മാരകഗ്രന്ഥത്തിലെ ലേഖനങ്ങൾ വായിച്ചു തീർന്നതിനു ശേഷമാണ് ഈ കുറിപ്പെഴുതുന്നത്. കൂടാതെ മിഷ്കാത്തുൽ ഹുദായുടെ വിശേഷാൽ പതിപ്പിൽ അദ്ദേഹം എഴുതിയ ഒരു ലേഖനവും ('കേരള യൂനിവേഴ്സിറ്റിയും അറബി ഭാഷയും' എന്ന ശീർഷകത്തിലുള്ളത്) ഇപ്പോൾ ഒരിക്കൽ കൂടി വായിക്കുകയുണ്ടായി.

'സൽസബീൽ' ത്രൈമാസികയിൽ ഈ വിഷയം എഴുതുവാൻ ജ: കെ. ഉമർ മൗലവി എന്നെ നിയോഗിച്ചപ്പോൾ ഒരു ചെറിയ അനുസ്മരണം മാത്രം എഴുതുവാനേ ഉദ്ദേശിച്ചിരുന്നുള്ളുവെങ്കിലും, പിന്നീട് വായനകൾക്ക് ശേഷം കുറച്ചുകൂടി വിശദമായി എഴുതണമെന്നാണ് തോന്നിയത്.

ജ:എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുമായി ഈ ലേഖകൻ ബന്ധപ്പെടുവാൻ തുടങ്ങിയത് 1934ൽ കോഴിക്കോട് ഇസ്‌ലാമിയ്യ കമ്പനിയിൽവെച്ചും തുടർന്ന് മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റിയുടെ ക്വുർആൻ പരിഭാഷ എഴുതിയിരുന്ന സ്ഥലത്തുവെച്ചുമായിരുന്നു.

എന്റെ ജീവിതത്തിൽ പലപ്പോഴും അദ്ദേഹത്തിന്റെ നിർദേശങ്ങളും ശാസനകളും എനിക്കുപകരിച്ചിട്ടുണ്ട്. ക്വുർആനും സുന്നത്തും മനസ്സിലാക്കുന്ന വിഷയത്തിലും നബി(സ)യുടെയും അനുയായികളുടെയും മാതൃകയനുസരിച്ചു ജീവിതം ക്രമപ്പെടുത്തുന്ന വിഷയത്തിലും എനിക്ക് ഏറ്റവും ഉപകാരപ്പെട്ട പാഠങ്ങൾ കിട്ടിയ പല വ്യക്തികളുണ്ടെങ്കിലും അതിലേറ്റവും പ്രധാപ്പെട്ട മൂന്നുപേർ ഇവരാണ്: (1) സയ്യിദ് റഷീദ് രിളാ, (2) കെ. എം മൗലവി, (3) എം.സി.സി അബ്ദുർറഹ്മാൻ മൗലവി. എന്റെ ആദർശം രൂപീകരിക്കുന്നതിലും ഇസ്‌ലാമിലെ മൗലിക സിദ്ധാന്തങ്ങൾ മനസ്സിലാക്കുന്നതിലും ഈ മൂന്നു മഹാന്മാരോട് മറ്റുള്ളവരെക്കാൾ എനിക്ക് കടപ്പാടുണ്ട്.

എന്നാൽ എം. സി. സി അബ്ദുർറഹ്മാൻ മൗലവിയോടുള്ള കടപ്പാടിന്റെ ഏറ്റവും പ്രധാനവശം നബിചര്യ മനസ്സിലാക്കുന്നതിലുള്ള പ്രധാന തത്ത്വത്തിലാണ്.

കൊടിയത്തൂരിൽവെച്ച് 'തറാവീഹ് വാദപ്രതിവാദം' നടന്നപ്പോൾ എതിർകക്ഷികളെക്കൊണ്ട് അദ്ദേഹം ഒരു പ്രധാന തത്ത്വം സമ്മതിപ്പിക്കുകയുണ്ടായി. അതായത് ഒരു ഹദീസ് സ്വീകാര്യമാണോ എന്ന കാര്യത്തിൽ താഴെ പറയും പ്രകാരം ഒരു തീരുമാനത്തിൽ അവർ എത്തുവാൻ നിർബന്ധിതരായി:

ബുഖാരിയിൽനിന്നോ മുസ്‌ലിമിൽനിന്നോ ഒരു ഹദീസ് ഉദ്ധരിക്കുന്നപക്ഷം; അവർ സ്വീകാര്യമായി രേഖപ്പെടുത്തിയതാണെങ്കിൽ, അത് തെളിവായെടുക്കേണ്ട. സ്വീകാര്യമല്ല എന്ന് ആർക്കെങ്കിലും വാദമുണ്ടെങ്കിൽ ആ വാദിയാണ് അതിന്റെ പോരായ്മ തെളിയിക്കേണ്ടത്. ബുഖാരി, മുസ്‌ലിം; ഇവയല്ലാത്ത ഗ്രന്ഥങ്ങളിൽനിന്നും ഹദീസ് ഉദ്ധരിക്കുന്ന ആൾതന്നെ അത് സ്വീകാര്യമാണെന്ന് തെളിയിക്കേണ്ടതാണ്. ഈ തത്ത്വം പൊതുവിൽ നിബന്ധനയായി പണ്ഡിതന്മാർ സ്വീകരിച്ചതാണെന്ന് രണ്ട് കക്ഷികളും അന്ന് സമ്മതിക്കുകയുണ്ടായി.

ഹദീസിന്റെ സനദ് പരിശോധിക്കുന്ന വിഷയത്തിലും എം.സി.സി അബ്ദുർറഹ്മാൻ മൗലവി വളരെ പ്രാപ്തനായിരുന്നു. വിലപ്പെട്ട പല നിർദേശങ്ങളും ഈ ലേഖകന്ന് അദ്ദേഹത്തിൽനിന്നു കിട്ടിയതിനാൽ അരീക്കോട്ടെ അറബിക്കോളേജിലും കോഴിക്കോട്ടെ നദ്‌വത്ത് ഓഫീസിലും ഹദീസിന്റെ ബലാബലം പരിശോധിക്കുന്നതിന്നന്നാവശ്യമായ പല ഗ്രന്ഥങ്ങളും ശേഖരിക്കുവാൻ ഈ ലേഖകന്നു തരപ്പെട്ടിട്ടുണ്ട്.

1932ൽ മൂന്നാം ഫോറം കഴിഞ്ഞതിനു ശേഷം മഞ്ചേരി ഹൈസ്കൂൾ വിടുവാൻ നിർബന്ധിതനാക്കത്തക്കവണ്ണം രോഗത്തിൽപെട്ടു പോകയാൽ പിന്നീട് കുറച്ചുകാലത്തേക്ക് ഹൈസ്കൂൾ പഠനം നിറുത്തി വെക്കേണ്ടിവന്നു. അതിനാൽ ഈയുള്ളവൻ നാട്ടിൽ തന്നെ താമസിക്കുകയും മതവിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുകയും ചെയ്യുവാനിടയായി. ആ കാലത്തായിരുന്നു എം.സി.സി സഹോദരന്മാരുമായി ബന്ധപ്പെടുവാൻ അവസരം ലഭിച്ചത്.

അഞ്ച് കൊല്ലങ്ങൾക്ക് ശേഷം 1937ൽ മലപ്പുറം ഹൈസ്കൂളിൽ പഠിക്കുവാൻ പോയപ്പോൾ ഒരിക്കൽ മലപ്പുറത്തുവെച്ച് അബ്ദുർറഹ്മാൻ മൗലവി എന്നെ കാണുകയുണ്ടായി. 'നീ വീണ്ടും ഈ വഴിയിലായോ? അറബിപഠനവും മതരംഗത്തെ പ്രവർത്തനവും നിർത്തിക്കളഞ്ഞുവോ?' എന്നു ചോദിക്കുകയുണ്ടായി.

1941ൽ ബ്രണ്ണൻ കോളേജിൽ പഠിക്കുമ്പോഴും തലശ്ശേരിയിൽവെച്ച് അദ്ദേഹം ഒരിക്കൽ എന്നെ വിമർശിക്കുകയുണ്ടായി.

അങ്ങനെ 1943ൽ ഗവൺമെന്റ് സർവീസിൽനിന്നു കാസശ്വാസം നിമിത്തം ലീവെടുത്തു വീട്ടിൽ വന്നിരിക്കുമ്പോൾ ജ:കെ.എം മൗലവിയുടെ ഉപദേശപ്രകാരം വാഴക്കാട് ദാറുൽ ഉലൂമിൽ എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ കീഴിൽ ഒരു വിദ്യാർഥിയായി ചേരുവാൻ ഞാനാരു ശ്രമം നടത്തുകയുണ്ടായി. വീട്ടിലെ പല അസൗകര്യങ്ങൾ നിമിത്തം അതിന്നു സൗകര്യപ്പെട്ടില്ല.

ഗുരുനാഥന്മാരില്ലാതെ സ്വന്തം വായിച്ചു പഠിക്കേണ്ട ഗതികേടാണ് എനിക്കുണ്ടായത്. ജ:കെ.എം മൗലവിയെയും എം.സി.സി അബ്ദുർറഹ്മാൻ മൗലവിയെയും പലപ്പോഴും ഞാൻ സമീപിക്കുകയും പല ഉപദേശങ്ങളും അവരിൽനിന്നു കേൾക്കുകയും ചെയ്തിരുന്നു.

ആ കാലങ്ങളിൽ ജംഇയ്യത്തുൽ ഉലമായിൽ ഞാൻ മെമ്പറായിരുന്നു. കമ്മിറ്റിയിലും ഉണ്ടായിരുന്നു. പ്രസിഡണ്ട് കെ.എം മൗലവിയും സിക്രട്ടറി അബ്ദുർറഹ്മാൻ മൗലവിയും ആയിരുന്നുവല്ലോ.

1944നു ശേഷം അരിക്കോട്ടുവെച്ച് ക്വുർആൻ ദർസ് നടത്തുകയും അറബി ഭാഷ മുതിർന്നവർക്ക് പഠിപ്പിക്കുകയും ചെയ്തുവന്നിരുന്നപ്പോൾ, ജംഇയ്യത്തുൽ ഉലമായുടെ ഒരു കമ്മിറ്റി യോഗത്തിന്നു പുളിക്കൽ പോകുകയുണ്ടായി. 'ക്വുർആൻ ആദ്യം മുതൽ അവസാനംവരെ അർഥം മനസ്സിലാക്കുകയും അറബി ഭാഷ എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനും ശീലിക്കുകയും ചെയ്ത ചില സ്നേഹിതന്മാർ എനിക്കുണ്ട്. അവരെ ജംഇയ്യത്തുൽ ഉലമായിൽ ചേർക്കുവാൻ പറ്റുമോ' എന്നു ഞാൻ ചോദിച്ചു. 'അതു പറ്റുകയില്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ഈ മറുപടി കേട്ടപ്പോൾ 'എനിക്കും അത്രതന്നെയല്ലേ യോഗ്യതയുള്ളൂ. എനിക്കും ജംഇയ്യത്തുൽ ഉലമായിൽ പറ്റുകയില്ലല്ലോ' എന്നു തോന്നുകയുണ്ടായി.

അതിനുശേഷം ഞാൻ ജംഇയ്യത്തുൽ ഉലമായുടെ കമ്മിറ്റി യോഗങ്ങളിൽ പങ്കെടുക്കുന്നത് നിർത്തുകയും കുറെ കഴിഞ്ഞതിനുശേഷം രാജിവെക്കുകയും ചെയ്തു. ഇങ്ങനെയാണ് ഈ ലേഖകൻ ജംഇയ്യത്തുൽ ഉലമായുമായി വിട്ടത്.

പിന്നീടുണ്ടായ പല സന്ദർഭങ്ങളിലും എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുടെ നിർദേശങ്ങളും ഉപദേശങ്ങളും എനിക്ക് കിട്ടിക്കൊണ്ടിരുന്നിട്ടുണ്ട്. ഒരു പ്രത്യേക സംഭവം വിവരിക്കാം:

ജമാഅത്തെ ഇസ്‌ലാമിക്കാരുടെ പ്രചാരണങ്ങൾ മലബാറിൽ ഉണ്ടായപ്പോൾ ആ വിഷയത്തെപ്പറ്റി ഒന്നിലധികം പ്രാവശ്യം ജ: കെ.എം മൗലവിയോടും എം.സി.സി അബ്ദുർറഹ്മാൻ മൗലവിയോടും ഈയുള്ളവൻ സംസാരിച്ചിരുന്നു.

അവരുടെ പ്രബോധനം പത്രത്തിലും മറ്റു പ്രസിദ്ധീകരണങ്ങളിലും ക്വുർആനിന്നും സുന്നത്തിന്നും വിരുദ്ധമായ പലതുമുണ്ടെന്നു ഈ സംസാരങ്ങളിൽ നിന്നു മനസ്സിലായിരുന്നു.

ജ:എം.ശെയ്ഖ് മുഹമ്മദ് മൗലവി അരീക്കോട് കോളേജിൽ പ്രിൻസിപ്പാളായിരിക്കുമ്പോൾ, അദ്ദേഹം ചേന്ദമംഗല്ലൂരിലെ കെ.സി രായിൻ മമ്മദ് എന്നയാളുമായി ഒരു തർക്കത്തിലേർപ്പെടുകയുണ്ടായി. അവർ ഒരു വാദപ്രതിവാദവും നിശ്ചയിച്ചുവത്രെ. ഇതൊന്നും ഞാനാദ്യം അറിഞ്ഞിരുന്നില്ല.

ഒരു ദിവസം എം.സി.സി അബ്ദുർറഹ്മാൻ മൗലവി അരീക്കോട് വരുകയും 'ജമാഅത്തെ ഇസ്‌ലാമിക്കാരുമായി കൊടിയത്തൂർ വെച്ച വാദപ്രതിവാദം നടത്താൻ നിശ്ചയിച്ചിട്ടുണ്ട്; നീയും വരണം' എന്നു പറയുകയും ചെയ്തു.

വലിയ കുട്ടിഹസ്സൻ സാഹിബിന്റെ വീട്ടിലെത്തുവാനായിരുന്നുവത്രെ നിശ്ചയിച്ചിരുന്നത്. അതുപ്രകാരം ഞങ്ങൾ പോയെങ്കിലും വാദപ്രതിവാദത്തിന്നു എതിർകക്ഷി തയ്യാറായില്ല.

പിറ്റേന്ന് കുട്ടിഹസ്സൻ സാഹിബിന്റെ മകൻ അബ്ദുസ്സലാമിന്റെ ചേന്ദമംഗല്ലൂർ വീട്ടിൽവെച്ചു നാട്ടുകാരുടെ നിർബന്ധപ്രകാരം ഒരു വാദപ്രതിവാദ പ്രസംഗത്തിന്നു നിശ്ചയിക്കുകയുണ്ടായി. അന്നു ജമാഅത്തെ ഇസ്‌ലാമി അമീർ മുഹമ്മദലി ഹാജി ആയിരുന്നു

സ്ഥലത്തെ ജമാഅത്ത് നേതാവായ ജ:കെ.സി അബ്ദുല്ല മൗലവിയുമായി ഞങ്ങൾ സംസാരിച്ചപ്പോൾ പ്രസംഗ രൂപത്തിലുള്ള വാദപ്രതിവാദത്തിന്നേ അദ്ദേഹം തയ്യാറുള്ളൂവെന്ന് പറഞ്ഞു. ജംഇയ്യത്തുൽ മുജാഹിദിന്റെ പേരിൽ വാദപ്രതിവാദ പ്രസംഗം നടത്തുവാൻ പുറപ്പെടുന്നതിനു മുമ്പുതന്നെ കൗൺസിൽ തീരുമാനമെടുത്ത് എന്നെ അധികാരപ്പെടുത്തിയിരുന്നു. ജംഇയ്യത്തുൽ മുജാഹിദീൻ ഒരു പ്രാദേശിക സംഘടനയായിരുന്നതിനാൽ ഞങ്ങൾക്ക് വാദപ്രതിവാദ പ്രസംഗ കരാറിൽ പ്രസ്തുത സംഘവുമായി ഏർപ്പെട്ടുകൂടാ എന്ന് കെ.സി അബ്ദുല്ല മൗലവി പറഞ്ഞു.

എം.സി.സി അബ്ദുർറഹ്മാൻ മൗലവിയുമായി കേരള ജംഇയ്യത്തുൽ ഉലമായുടെ പേരിൽ കരാർ ചെയ്യുവാൻ തയ്യാറാണെന്നു കെ.സി. അബ്ദുല്ല മൗലവി പറഞ്ഞു.

അതൊരു വിഷമ സന്ദർഭമായിരുന്നു. എം.സി.സി അബ്ദുർറഹ്മാൻ മൗലവി സാധാരണയായി പ്രസംഗിക്കാറില്ല.

നാലു ദിവസത്തെ പ്രസംഗം കഴിഞ്ഞ ശേഷം ഇതിനെല്ലാം മറുപടിയായി ഒരു ദിവസം വ്യക്തിപരമായി പ്രസംഗിക്കുവാൻ കെ.സി അബ്ദുല്ല മൗലവിയെ അനുവദിക്കണമെന്നു നാട്ടുകാർ നിവേദനം നൽകിയപ്പോൾ അതൊരു വിഷമസന്ധിയായിരുന്നു.

ഔപചാരികമല്ലാത്തതുകൊണ്ട് അത് അനുവ

ദിക്കുന്നതിന്നു അബ്ദുർറഹ്മാൻ മൗലവിക്ക് വിസമ്മതമായിരുന്നുവെങ്കിലും ജംഇയ്യത്തുൽ ഉലമായിൽ മെമ്പറല്ലാത്ത ഞാൻ വ്യക്തിപരമായിത്തന്നെ പിറ്റേദിവസം മറുപടി പറഞ്ഞുകൊള്ളാമെന്നും ഞാനഭിപ്രായപ്പെട്ടപ്പോൾ അത് അദ്ദേഹം സ്വീകരിച്ചു.

ജ:കെ.സി അബ്ദുല്ല മൗലവിയുടെ പ്രസംഗം ശ്രദ്ധിച്ചുകേട്ടതിൽ, ഞാൻ ഉദ്ധരിച്ച തെളിവുകളെ ഖണ്ഡിക്കാതെ, അദ്ദേഹം ഒരു ഒഴുക്കാൻ പ്രസംഗം ചെയ്യുകയാണ് ചെയ്തതെന്ന് എനിക്കു തോന്നുകയാൽ അതിനനുസരിച്ചുള്ള മറുപടി പിറ്റേന്ന് പറയുകയും ചെയ്തു.

അബ്ദുല്ല മൗലിയുടെ പ്രസംഗത്തിനു ഞങ്ങളുടെ സ്പീക്കർ കൊടുക്കുവാൻ ആവശ്യപ്പെട്ടതുപ്രകാരം എടവണ്ണക്കാരുടെ ആ സ്പീക്കർ ഞങ്ങൾ കൊടുത്തിരുന്നു. എന്നാൽ പിറ്റേദിവസം ആയപ്പോഴേക്കും ലൗഡ് സ്പീക്കർ കേടുവന്നതായാണ് കണ്ടത്. ഒരു ഗ്രാമപ്രദേശമായതിനാൽ പെട്ടെന്നു ശരിപ്പെടുത്തുവാൻ സാധിച്ചതുമില്ല. സാധാരണ പത്തു മണിമുതൽ 12വരെ നടത്തിവന്ന പ്രസംഗം ആറാം ദിവസം സ്പീക്കറിന്മേൽ പണിയെടുത്തു വൈകിയതിനാൽ 12 മതൽ 2 മണിവരെയാണ് നടന്നത്. ജംഇയ്യത്തുൽ ഉലമായുടെ പേരിലല്ലെങ്കിലും അബ്ദുർറഹ്മാൻ മൗലവി 5ാം ദിവസത്തെയും 6ാം ദിവസത്തെയും പ്രസംഗങ്ങൾ മുഴുവനും കേട്ടതിനു ശേഷമാണ് സ്ഥലംവിട്ടത്. അദ്ദേഹത്തിന്റെ നിർദേശങ്ങൾ എനിക്ക് രണ്ടു ദിവസങ്ങളിലും കിട്ടിയിരുന്നു.

ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ച് അദ്ദേഹത്തിന്റെയും കെ.എം മൗലവിയുടെയും നിലപാട് ഒന്നുതന്നെയായിരുന്നു. അവരുടെ പ്രസിദ്ധീകരണങ്ങൾ കെ.എം മൗലവിയുടെ കയ്യിലുണ്ടായിരുന്നത് മകൻ കുഞ്ഞുമൊയ്തീൻ മൗലവി മുഖേന അയച്ചുതന്നിരുന്നു. കൂടാതെ അദ്ദേഹം ഈ വിഷയത്തിൽ എന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ട് അയച്ച കത്ത് ഞാൻ ഇപ്പോഴും സൂക്ഷിച്ചുവരുന്നുണ്ട്.

ജ:എം.സി.സി അബ്ദുർറഹ്മാൻ മൗലവി, മൗലാന ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പുത്രനായി 1906ൽ പരപ്പനങ്ങാടിയിൽ ജനിച്ചു. പി.ഒ കോമു എന്നയാളുടെ സഹോദരി പുത്രനായിരുന്നു അദ്ദേഹം.1964 ജനുവരി, വെള്ളിയാഴ്ച തന്റെ ദീനത്തുൽ ഉലൂം കോളേജ് ഓഫീസിൽവെച്ചുതന്നെ അദ്ദേഹം നിര്യാതനായി.

അദ്ദേഹം ആദ്യം തന്റെ പിതാവിൽനിന്നാണ് വിദ്യ അഭ്യസിച്ചത്. പിന്നെ അദ്ദേഹം വേലൂർ പോയി. വേലൂരിൽനിന്നും മടങ്ങിവന്ന ശേഷം 1935ൽ അദ്ദേഹം അഫ്ദലുൽ ഉലമാ പരീക്ഷ പാസ്സാവുകയും ചെയ്തു. പിന്നീടദ്ദേഹം ബി.ഒ.എൽന്റെ മുഹദ്ദിസ്, മുഫസ്സിർ പാർട്ടുകളും പാസ്സാവുകയുണ്ടായി.

കേരള ജംഇയ്യത്തുൽ ഉലമായുടെ സിക്രട്ടറിയായിരുന്നു പരേതൻ. മലബാർലഹള നിമിത്തം അഭയാർഥികളായ ജ:കെ.എം മൗലവി മുതലായവർ കൊടുങ്ങല്ലൂരിൽ പോയതിന്ന് മുമ്പുതന്നെ അധ്യാപകന്മാരായും കൊണ്ട് ഇ.കെ മൗലവിയും എം.സി. സി അബ്ദുർറഹ്മാൻ മൗലവിയും അവിടെ താമസമാക്കിയിരുന്നു. എം.സി.സി സ്മാരകഗ്രന്ഥത്തിൽ ജ:കെ.എം മൗലവി എഴുതിയ ലേഖനത്തിൽ തന്നെ രക്ഷിച്ചത് എം.സി.സി അബ്ദുർറഹ്മാൻ മൗലവിയാണെന്ന് പറഞ്ഞിട്ടുണ്ട്.

അദ്ദേഹത്തിന്റെ കത്തിൽ നിർദേശിച്ച പ്ലാൻ പ്രകാരമാണ് ജ:കെ.എം മൗലവി ശത്രുക്കളുടെയും പോലീസിന്റെയും പിടുത്തത്തിൽ പെടാതെ കൊടുങ്ങല്ലൂരെത്തി താമസമാക്കിയത്.

കേരള ജംഇയ്യത്തുൽ ഉലമാ സ്ഥാപിച്ചത് കൊടുങ്ങല്ലൂർ വെച്ചാണ്. പിന്നീടത് കോഴിക്കോട് വെച്ച് രജിസ്റ്റർചെയ്തു. എല്ലാ ഉലമാക്കന്മാരെയും സംഘടിപ്പിച്ചുകൊണ്ടായിരുന്നു ജംഇയ്യത്തുൽ ഉലമ തുടങ്ങിയതെങ്കിലും പിന്നീട് ചില മുസ്‌ലിയാന്മാർ അതിൽനിന്ന് തെറ്റിപ്പിരിഞ്ഞു പോവുകയും അവർ ഫറോക്കിൽവെച്ചു 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ' സ്ഥാപിക്കുകയും ചെയ്തു.

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദുരീകരിച്ചു നബിﷺയും അനുയായികളും പിന്നീട് സലഫും നടന്നത് പോലെ സമുദായത്തെ വാർത്തെടുക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്കായി എല്ലാവിധ ക്ലേശങ്ങളും കഷ്ടപ്പാടുകയും സഹിച്ചുകൊണ്ട് ത്യാഗബുദ്ധിയോടെ സ്വയം അർപ്പിച്ച ഒരു വ്യക്തിയായിരുന്നു എം.സി.സി അബ്ദുർറഹ്മാൻ മൗലവി സാഹിബ്.

മുസ്‌ലിം ലിറ്ററേച്ചർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്വുർആൻ പരിഭാഷ ആരംഭിച്ച മൂന്നു മഹാ പണ്ഡിതന്മാരിൽ അബ്ദുർറഹ്മാൻ മൗലവിയും ഉൾപ്പെട്ടിരുന്നു. മറ്റു രണ്ടുപേർ (1) കെ.എം മൗലവി, (2) പി. കെ മൂസ മൗലവി ഇവരാണ്.

**(അവസാനിച്ചില്ല)**



# കോവിഡ് പ്രതിസന്ധിയും സാമ്പത്തിക അച്ചടക്കത്തിന്റെ അനിവാര്യതയും

കവർ സ്റ്റോറി

> കോവിഡ് മഹാമാരി മനുഷ്യജീവിതത്തിൽ പിടിമുറുക്കിയിട്ട് രണ്ട് വർഷത്തോടടുക്കുന്നു. ചുരുക്കം ചില മേഖലകളിലൊഴികെ സമൂഹത്തിന്റെ ഏതാണ്ടെല്ലാ രംഗത്തും വൻ സാമ്പത്തിക ഞെരുക്കം കടന്നുവന്നിരിക്കുകയാണ്. കൃത്യമായ ആസൂത്രണത്തിലൂടെയും ധനവിനിയോഗത്തിലൂടെയും മുന്നോട്ടുപോയാൽ മാത്രമെ ഇനിയുള്ള കാലം അതിജീവിക്കാൻ കഴിയൂ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഭൂമിയിലുള്ള മനുഷ്യരിൽ ഭൂരിപക്ഷവും ദൈവവിശ്വാസികളാണ്. ദൈവവിശ്വാസികളിൽ അധികവും യഥാർഥ വിശ്വാസം വെച്ചുപുലർത്തുന്നവരല്ല. യഥാർഥവിശ്വാസികൾ എന്നവകാശപ്പെടുന്ന ഏകദൈവവിശ്വാസികളിൽതന്നെ മതത്തിന്റെ നിയമനിർദേശങ്ങളിൽ പലതും പ്രാവർത്തികമാക്കാത്തവരായുണ്ട്. ദൈവകൽപനകൾ കൃത്യമായി അനുസരിച്ചും അനുഷ്ഠിച്ചും ജീവിക്കുന്നവരെ ക്വുർആൻ പരിചയപ്പെടുത്തുന്നത് 'ഹിസ്ബുല്ല' അഥവാ അല്ലാഹുവിന്റെ കക്ഷി

എന്നാണ്. അല്ലാത്തവരെ 'ഹിസ്ബുശ്ശൈത്വാൻ' അഥവാ പിശാചിന്റെ കക്ഷി എന്നും. ഹിസ്ബുല്ല വിജയിക്കുന്ന കക്ഷിയും ഹിസ്ബുശ്ശൈത്വാൻ ആത്യന്തിക പരാജയത്തിന്റെ കക്ഷിയുമാണ്.

"വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും സത്യവിശ്വാസികളെയും മിത്രങ്ങളായി സ്വീകരിക്കുന്നുവെങ്കിൽ തീർച്ചയായും അല്ലാഹുവിന്റെ കക്ഷി തന്നെയാണ് വിജയം നേടുന്നവർ" (ക്വുർആൻ 5:56).

"പിശാച് അവരെ കീഴടക്കി വെക്കുകയും അങ്ങനെ അല്ലാഹുവെ പറ്റിയുള്ള ഉൽബോധനം അവർക്ക് വിസ്മരിപ്പിച്ചുകളയുകയും ചെയ്തിരിക്കുന്നു. അക്കൂട്ടരാകുന്നു പിശാചിന്റെകക്ഷി. അറിയുക; തീർച്ചയായും പിശാചിന്റെകക്ഷി തന്നെയാകുന്നു നഷ്ടക്കാർ" (ക്വുർആൻ 58:19).

ശാശ്വതമായ പാരത്രിക വിജയം നേടണമെങ്കിൽ ഹിസ്ബുല്ലയിൽ ഉൾപ്പെടണം. അഥവാ അല്ലാഹുവും അന്തിമദൂതനും കാണിച്ചുതന്ന മാർഗം അവലംബമാക്കി ജീവിതം നയിക്കുന്നവരാകണം. സ്ത്രീയാണെങ്കിലും പുരുഷനാണെങ്കിലും ഇതിൽ വ്യത്യാസമില്ല.

"ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നപക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും" (ക്വുർആൻ 16:97).

സ്രഷ്ടാവിൽ വിശ്വസിക്കുമ്പോൾ ആ സ്രഷ്ടാവിന്റെ മാർഗദർശനം ജീവിതത്തിൽ പ്രായോഗികമാക്കേണ്ടത് ആവശ്യമാണ്. സ്രഷ്ടാവിന്റെ താൽപര്യപ്രകാരമുള്ള ജീവിതം നയിക്കുകയെന്നതാണ് വിശ്വാസാധിഷ്ഠിതമായ ജീവിതത്തിന്റെ അടിത്തറ.

"...എന്റെ പക്കൽനിന്നുള്ള മാർഗദർശനം നിങ്ങൾക്ക് വന്നെത്തുമ്പോൾ എന്റെ ആ മാർഗദർശനം പിൻപറ്റുന്നവരാരോ അവർക്ക് ഭയപ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല" (ക്വുർആൻ 2:28).

"നിങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് നിങ്ങൾക്കായി അവതരിപ്പിക്കപ്പെട്ടത് നിങ്ങൾ പിൻപറ്റുക. അവനു പുറമെ മറ്റു രക്ഷാധികാരികളെ നിങ്ങൾ പിൻപറ്റരുത്. വളരെ കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (ക്വുർആൻ 7:3).

ജീവിതം അതിന്റെ ദിശയിലും വിശ്വാസം അതിന്റെ ദിശയിലും നീങ്ങുകയും ജീവിതത്തെ സ്വാധീനിക്കുന്ന തുടർചലനമായി വിശ്വാസം ഉപയോഗിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന അവസ്ഥയുണ്ടാകാൻ പാടില്ല.

ഇഹപരവിജയം എങ്ങനെ നേടാനാകും എന്ന് കാലാകാലങ്ങളിൽ അല്ലാഹു പ്രവാചകന്മാർ മുഖേന പഠിപ്പിച്ചിട്ടുണ്ട്.

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ നന്ദികെട്ടവനാകുന്നു" (ക്വുർആൻ 76:1,2).

ഈ വഴികാണിക്കൽ ഭൗതിക കാര്യങ്ങളിലും ആത്മീയകാര്യങ്ങളിലുമുണ്ട്. ഭൗതികലോകത്ത് സാമൂഹ്യജീവിതം ഏറെ പ്രാധാന്യമർഹിക്കുന്നതാണ്. സാമൂഹ്യജീവിതത്തിൽ ഒരു ഉത്തമസമുദായത്തെ വാർത്തെടുക്കാൻ ആവശ്യമായ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും ക്വുർആൻ പഠിപ്പിക്കുന്നുണ്ട്. അതുപോലെ സാമൂഹ്യജീവിതത്തിൽ പ്രധാനപ്പെട്ട ഒന്നാണ് സാമ്പത്തികരംഗം. സാമൂഹ്യഭദ്രതയുടെ

> **സമ്പത്തിന് മനുഷ്യനിലും സമൂഹത്തിന്റെമേലും ഉള്ള സ്വാധീനം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അപ്പോൾ പിന്നെ ആധുനിക മനുഷ്യന്റെ കാര്യം പറയേണ്ടതില്ലല്ലോ! ഇന്നത്തെ മഷ്യന്റെ ചിന്തയും വികാരങ്ങളുമെല്ലാം സാമ്പത്തിക വിഷയങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. എങ്ങനെ പണമുണ്ടാക്കണമെന്നും ഉണ്ടാക്കിയ പണം ഏതുവിധേന വിനിയോഗിക്കണമെന്നുമൊക്കെ ചിന്തിച്ച് മനുഷ്യൻ ആകുലപ്പെടുന്നു. കോവിഡ് കാലം സമ്മാനിച്ച തൊഴിൽനഷ്ടവും അതിന്റെ ഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധയും ആശയക്കുഴപ്പവും മനുഷ്യരിൽ മാനസിക പിരിമുറുക്കവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഉൽക്കണ്ഠ, അപകർഷത, നിരാശ തുടങ്ങി പല മാനസിക പ്രശ്നങ്ങൾക്കും അടിമയാകുന്നവരുടെ കുടുംബ ജീവിതം അസംതൃപ്തിയുടെയും അപചയത്തിന്റെയും വഴിയെ സഞ്ചരിക്കുമെന്നതിൽ സംശയമില്ല.**

**സർക്കാർ ജോലിക്കാരല്ലാത്തവരെല്ലാം കോവിഡ് കാരണത്താൽ വരുമാനം നിലച്ച് പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. പഴം, പച്ചക്കറി, പലചരക്ക്, ബേക്കറി കച്ചവടക്കാർക്കും മൽസ്യ, മാംസ കച്ചവക്കാർക്കും ലോക്ക്ഡൗൺ ഘട്ടത്തിലും പരിമിതമായ സമയമെങ്കിലും കച്ചവടം നടത്താൻ അനുവാദമുള്ളതിനാൽ അവരെ സാമ്പത്തിക പ്രതിസന്ധി വല്ലാതെ ബാധിച്ചിട്ടില്ല. മറ്റുള്ള കച്ചവടക്കാരും ഓട്ടോറിക്ഷക്കാരും മറ്റു ടാക്സി വണ്ടികൾ ഓടിച്ച് ജീവിതം തള്ളിനീക്കുന്നവരുമൊക്കെ വരുമാനം ഏതാണ്ട് നിലച്ച അവസ്ഥയിലാണുള്ളത്.**

അടിത്തറയാണ് സാമ്പത്തികഭദ്രത. അതുകൊണ്ട്തന്നെ സാമ്പത്തിക രംഗത്ത് കൈക്കൊള്ളേണ്ട ഒരുപാട് നിർദേശങ്ങൾ അല്ലാഹുവും അവന്റെ പ്രവാചകനും നൽകിയതായി കാണാം.

### ധനം എന്ന അനുഗ്രഹം

ധനശാസ്ത്രത്തിന്റെ അടിത്തറയെന്നത് ഉപഭോഗമാണ്. ഉപഭോക്താവിന്റെ ആവശ്യങ്ങൾ നിറവേറ്റുവാൻ വേണ്ടിയാണ് ഉൽപാദനപ്രക്രിയ നടക്കുന്നത്. മനുഷ്യപ്രയത്നം കൂടാതെ ഉപഭോഗം സാധ്യമാകുമായിരുന്നെങ്കിൽ സാമ്പത്തിക പ്രശ്നമെന്ന ഒന്ന് ലോകത്ത് ഉണ്ടാകുമായിരുന്നില്ല. ഭൗതിക വിഭവങ്ങൾ ആവശ്യാനുസരണം ആസ്വദിക്കുക എന്നതാണ് ഉപഭോഗത്തിന്റെ ലക്ഷ്യം. വിശുദ്ധ ക്വുർആനും പ്രവാചകവചനങ്ങളും ഈ ലക്ഷ്യം കൈവരിക്കുവാനായി ധാരാളം നിർദേശങ്ങൾ നൽകിയതായി കാണാം. ചില ക്വുർആൻ വചനങ്ങൾ കാണുക:

"നിങ്ങൾക്കു നാം ഭൂമിയിൽ സ്വാധീനം നൽകുകയും നിങ്ങൾക്കവിടെ നാം ജീവിതമാർഗങ്ങൾ ഏർപെടുത്തുകയും ചെയ്തിരിക്കുന്നു..." (ക്വുർആൻ 7:10).

"ഐഹികജീവിതത്തെയും അതിന്റെ അലങ്കാരത്തെയുമാണ് ആരെങ്കിലും ഉദ്ദേശിക്കുന്നതെങ്കിൽ അവരുടെ പ്രവർത്തനങ്ങൾ അവിടെ (ഇഹലോകത്ത്) വെച്ച് അവർക്ക് നാം നിറവേറ്റിക്കൊടുക്കുന്നതാണ്. അവർക്കവിടെ യാതൊരു കുറവും വരുത്തപ്പെടുകയില്ല" (ക്വുർആൻ 11:15).

"...നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുകയും ചെയ്യുക..." (ക്വുർആൻ 34:15).

"(നബിയേ,) പറയുക: അല്ലാഹു അവന്റെ ദാസൻമാർക്ക് വേണ്ടി ഉൽപാദിപ്പിച്ചിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാരപദാർഥങ്ങളും നിഷിദ്ധമാക്കിയതാരാണ്? പറയുക: അവ ഐഹികജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അവർക്കുമാത്രമുള്ളതുമാണ്..." (ക്വുർആൻ 7:32).

### എന്താണ് സാമ്പത്തിക അച്ചടക്കം?

ധനശാസ്ത്രത്തിനുപരിയായി ധനത്തിന്റെ മനഃശാസ്ത്രമറിഞ്ഞ് വരുമാനത്തെ നല്ലരീതിയിൽ സന്തുലിതമായി കൈകാര്യം ചെയ്യുന്ന രീതിയാണ് സാമ്പത്തിക അച്ചടക്കം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അതായത് വരവറിഞ്ഞ് ചെലവാക്കാനുള്ള മനസ്സാന്നിധ്യവും പക്വതയും. ഇത് വീട്ടിൽ ഒരാൾക്കുമാത്രം ഉണ്ടായാൽ പോരാ. പ്രത്യുത കുടുംബത്തിലെ ഓരോ അംഗത്തിനും ആവശ്യമായ ഗുണവിശേഷമാണ്.

സമ്പത്തിന് മനുഷ്യനിലും സമൂഹത്തിന്റെമേലും ഉള്ള സ്വാധീനം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. അതിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അപ്പോൾ പിന്നെ ആധുനിക മനുഷ്യന്റെ കാര്യം പറയേണ്ടതില്ലല്ലോ! ഇന്നത്തെ മനുഷ്യന്റെ ചിന്തയും വികാരങ്ങളുമെല്ലാം സാമ്പത്തിക വിഷയങ്ങളുമായി കെട്ടുപിണഞ്ഞുകിടക്കുന്നു എന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. എങ്ങനെ പണമുണ്ടാക്കണമെന്നും ഉണ്ടാക്കിയ പണം ഏതുവിധേന വിനിയോഗിക്കണമെന്നുമൊക്കെ ചിന്തിച്ച് മനുഷ്യൻ ആകുലപ്പെടുന്നു. കോവിഡ് കാലം സമ്മാനിച്ച തൊഴിൽനഷ്ടവും അതിന്റെ ഫലമായുണ്ടായ സാമ്പത്തിക പ്രതിസന്ധയും ആശയക്കുഴപ്പവും മനുഷ്യരിൽ മാനസിക പിരിമുറുക്കവും ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ ഉൽക്കണ്ഠ, അപകർഷത, നിരാശ തുടങ്ങി പല മാനസിക പ്രശ്നങ്ങൾക്കും അടിമയാകുന്നവരുടെ കുടുംബ ജീവിതം അസംതൃപ്തിയുടെയും അപചയത്തിന്റെയും വഴിയെ സഞ്ചരിക്കുമെന്നതിൽ സംശയമില്ല.

സർക്കാർ ജോലിക്കാരല്ലാത്തവരെല്ലാം കോവിഡ് കാരണത്താൽ വരുമാനം നിലച്ച് പ്രയാസപ്പെട്ടുകൊണ്ടിരിക്കുകയാണ്. പഴം, പച്ചക്കറി, പലചരക്ക്, ബേക്കറി കച്ചവടക്കാർക്കും മൽസ്യ, മാംസ കച്ച

വക്കാർക്കും ലോക്ക്ഡൗൺ ഘട്ടത്തിലും പരിമിതമായ സമയമെങ്കിലും കച്ചവടം നടത്താൻ അനുവാദമുള്ളതിനാൽ അവരെ സാമ്പത്തിക പ്രതിസന്ധി വല്ലാതെ ബാധിച്ചിട്ടില്ല. മറ്റുള്ള കച്ചവടക്കാരും ഓട്ടോറിക്ഷക്കാരും മറ്റു ടാക്സി വണ്ടികൾ ഓടിച്ച് ജീവിതം തള്ളിനീക്കുന്നവരുമൊക്കെ വരുമാനം ഏതാണ്ട് നിലച്ച അവസ്ഥയിലാണുള്ളത്.

വരുമാനത്തിൽ വലിയ ഇടിവുണ്ടായാലും ഇല്ലെങ്കിലും സമ്പത്ത് വിനിയോഗിക്കുന്നതിൽ സൂക്ഷ്മത പുലർത്തൽ അനിവാര്യമാണ്. സാമ്പത്തിക സ്വയം പര്യാപ്തത കൈവരിച്ചു കഴിഞ്ഞാൽ എല്ലാമായി എന്ന ചിന്ത ശരിയല്ല. അത് ഏതു സമയത്തും തകർന്നുപോയേക്കാം. പണമുണ്ടാക്കാനറിയാമെങ്കിലും സാമ്പത്തിക അച്ചടക്കമില്ലെങ്കിൽ ജീവിതത്തിൽ മുന്നേറാൻ കഴിയില്ല. ഗൃഹനാഥനും ഗൃഹനാഥയും തങ്ങൾക്കു തോന്നിയപോലെ പണം ദുർവ്യയം ചെയ്താൽ എന്തായിരിക്കും സ്ഥിതി? അത് കണ്ടു വളരുന്ന മക്കളുടെ കാര്യം പിന്നെ പറയാനുമില്ല. ഉദ്യോഗത്തിൽനിന്നുള്ള ശമ്പളമായാലും കച്ചവടത്തിൽനിന്നുള്ള വരുമാനമായാലും കൃഷിയിൽനിന്നുള്ള ലാഭമായാലും പണം പണം തന്നെ. അതിന്റെ മൂല്യം മനസ്സിലാക്കി ശരിയായ രീതിയിൽ വിനിയോഗിക്കാനും അവശ്യഘട്ടങ്ങളിലേക്ക് സ്വരൂപിച്ചുവെക്കാനും കഴിയേണ്ടതുണ്ട്. സാമ്പത്തിക സദാചാരവും സാമ്പത്തിക അച്ചടക്കവും പാലിക്കാൻ സാധിക്കണം.



ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റെന്തെങ്കിലും വരുമാനമുള്ള വ്യക്തിയോ ആയ ഗൃഹനാഥൻ താനുണ്ടാക്കുന്ന പണം തനിക്ക് തോന്നുന്ന രീതിയിൽ ചെലവാക്കും, തനിക്കിഷ്ടപ്പെട്ട സാധനങ്ങൾ വാങ്ങും എന്നൊക്കെ ചിന്തിച്ച് ദുർവ്യയം ചെയ്യാനൊരുങ്ങിയാൽ ചിലപ്പോൾ അത്യാവശ്യ ചെലവുകൾക്ക് പണം തികയാതെ വന്നേക്കും. ചികിത്സ, ബന്ധുക്കളുടെ വിവാഹം, വീടുനിർമാണം, കുട്ടികളുടെ വിദ്യാഭ്യാസം എന്നു തുടങ്ങി പല അത്യാവശ്യ ചെലവുകൾക്കും പണം ഇല്ലാത്ത അവസ്ഥയിൽ ലോണെടുത്തോ, വട്ടിപ്പലിശക്കാരിൽനിന്ന് കടമെടുത്തോ സ്വർണം പണയം വച്ചോ ഒക്കെ ആവശ്യങ്ങൾ നിറവേറ്റേണ്ടിവന്നേക്കും. ഇങ്ങനെ കടം വാങ്ങുന്ന തുക തിരിച്ചടക്കേണ്ട ഘട്ടം വരുമ്പോഴാകട്ടെ വരുമാനത്തിൽ കുറവുണ്ടാകുകയും കുടുംബത്തിൽ ആവശ്യങ്ങൾക്ക് പണം തികയാതെ വരികയും ചെയ്യും. ഇങ്ങനെയൊരവസ്ഥയിലാണ് കോവിഡ് കാലത്ത് ഒട്ടേറെയാളുകൾ ഉള്ളത്. സാമ്പത്തിക പ്രതിസന്ധികാരണം കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ 26 മലയാളികൾ ആത്മഹത്യ ചെയ്തതായി ഇന്നത്തെ പത്രത്തിൽ (ആഗസ്റ്റ് 2) കാണാനിടയായി.

ഭാര്യയും ഭർത്താവും ഉദ്യോഗസ്ഥരായാലും സാമ്പത്തിക അച്ചടക്കമില്ലെങ്കിൽ പ്രശ്നങ്ങൾ നേരിടുക തന്നെ ചെയ്യും. ഇരുവരും വരുമാനമുള്ളവരാകുമ്പോൾ പണം ആര് കൈകാര്യം ചെയ്യണം, ആര് ചെലവാക്കണം എന്നതിനെച്ചൊല്ലി അഭിപ്രായഭിന്നത ഉടലെടുക്കും. ഇരുവരും സ്വന്തം വരുമാനം തന്നിഷ്ടമനുസരിച്ച് ചെലവാക്കാൻ പ്രേരിതരാകും.

സ്വാർഥരും അപകർഷതാബോധത്തിനുടമകളുമായ ചില ഭർത്താക്കന്മാർ ഭാര്യയുടെ ശമ്പളം കണക്കു പറഞ്ഞ് വാങ്ങി തന്നിഷ്ട പ്രകാരം ചെലവാക്കാറുണ്ട്. സ്വന്തം വരുമാനവും ഭാര്യയുടെ വരുമാനവും കൂടി ധൂർത്തടിച്ചുകളയുന്നവർ സാമ്പത്തിക അച്ചടക്കമില്ലാത്തവർക്ക് ഉത്തമോദാഹരണമാണ്. കുടുംബത്തിൽ സാമ്പത്തിക ഞെരുക്കമുണ്ടാക്കുമെന്നതിലുപരി കുടുംബകലഹങ്ങൾക്കും ഇത് കാരണമാകുമെന്നതിൽ സംശയമില്ല.

### ദാമ്പത്യത്തെ തകർക്കുന്ന സാമ്പത്തിക പ്രതിസന്ധി

ചില ദാമ്പത്യപരാജയങ്ങൾക്കു പിന്നിൽ സാമ്പത്തിക പ്രശ്നമാണെന്നു കണ്ടെത്താൻ കഴിയും. ജീവിതാവശ്യങ്ങൾ വർധിച്ചുവരുന്നതോടെ കുടുംബത്തിൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയും അത് ദമ്പതികൾ തമ്മിലുള്ള പൊരുത്തക്കേടുകൾക്ക് വഴിതെളിക്കുകയും ചെയ്യും. കാശില്ലാത്തതിനെ ചൊല്ലിയുള്ള കലഹങ്ങൾ ഇണയോടുള്ള മാനസിക അടുപ്പം കുറയ്ക്കുന്നു. ഇത് ലൈംഗിക കാര്യങ്ങളിൽ നിന്നു പോലും വിട്ടുനിൽക്കാൻ കാരണമാകും. അത് പിന്നീട് സംശയങ്ങളും തെറ്റിദ്ധാരണകളും ഉടലെടുക്കാനും ഇടവരുത്തുന്നു.

ലോക്ക്ഡൗൺ കാലത്ത് വിദേശ മദ്യഷാപ്പുകൾ തുറന്നു പ്രവർത്തിക്കാൻ അനുമതി ലഭിച്ചപ്പോൾ മദ്യം വാങ്ങാനുണ്ടായ തിക്കും തിരക്കും അത്ഭുതപ്പെടുത്തുന്നതായിരുന്നു. മദ്യം സാമ്പത്തികമായും ശാരീരികമായും മാനസികമായും ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾ ചെറുതല്ല. എന്നാലും നമ്മുടെ സർക്കാർ മദ്യത്തിലൂടെ കോടികൾ വരുമാനമുണ്ടാക്കുന്നു. എത്ര കോടിരൂപയുടെ മദ്യമാണ് നമ്മുടെ നാട്ടിൽ ഒരു ദിവസം വിറ്റഴിക്കപ്പെടുന്നത്! എത്രയെത്ര കുടുംബങ്ങളാണ് മദ്യം കാരണത്താൽ പട്ടിണിയിലാകുന്നത്. അമിത മദ്യപാനവും മറ്റ് അനാവശ്യ ചെലവുകളുമുള്ള ഭർത്താവും ആഡംബരവും മത്സരബുദ്ധിയും പൊങ്ങച്ചവുമുള്ള ഭാര്യയും ഉണ്ടെങ്കിൽ അവർക്ക് എങ്ങനെ പണം മിച്ചംവയ്ക്കാൻ കഴിയും? പൊങ്ങച്ചവും മത്സരബുദ്ധിയും ആധുനിക മനുഷ്യന്റെ ഏറ്റവും വലിയ ശാപമായിരിക്കുകയാണ്. ആഡംബര വസ്തക്കളും മറ്റ് അനാവശ്യ സാധനങ്ങളും വാങ്ങിക്കൂട്ടുന്ന സ്ത്രീകൾ എമ്പാടുമുണ്ട്. അവരുടെ കണ്ണിൽ ഇത്തരം പൊങ്ങച്ച പ്രകടനമാണ് സ്റ്റാറ്റസ്! ഇതൊക്കെ സാമ്പത്തിക തകർച്ചക്ക് വഴിവെക്കുമെന്നതിൽ സംശയമില്ല. പണം ചെലവാക്കുന്നതിലെ നിയന്ത്രണമില്ലായ്മയും ബുദ്ധിപൂർവം ചെലവാക്കാനുള്ള കഴിവില്ലായ്മയുമാണ് ഇതൊക്കെ വെളിവാക്കുന്നത്.

കൃത്യമായ കുടുംബ ബജറ്റ് തയ്യാറാക്കുകയും അതനുസരിച്ച് ജീവിതച്ചെലവ് ക്രമീകരിക്കുകയും ചെയ്യുന്നവർക്ക് ബുദ്ധിമുട്ടേണ്ടിവരില്ല. അൽപമൊക്കെ മിച്ചംവരുത്താൻ അവർക്കാണ് കഴിയുക. അതുതന്നെയാണ് വരവറിഞ്ഞു ചെലവാക്കുന്ന രീതി അഥവാ സാമ്പത്തിക അച്ചടക്കം.

സാമ്പത്തിക പെരുമാറ്റരീതി തലമുറകളിൽനിന്നും കൈമാറി വരുന്നതാണ്. ചിലരിൽ മാത്രം കൂട്ടുകെട്ടുകളിലൂടെ ലഭിച്ചേക്കാം. പണത്തോടുള്ള ആഭിമുഖ്യം. വിനിമയം, സമ്പാദ്യശീലം, ധനവും ധനാഗമമാർഗങ്ങളും മറ്റുള്ളവരുമായി പങ്കിടാനുള്ള സന്നദ്ധത എന്നിവയെല്ലാം ഇങ്ങനെയാണ് വ്യക്തിയിൽ അടിയുറക്കുന്നത്. ശരിയായ സാമ്പത്തിക അച്ചടക്കവും സാമ്പത്തിക സംസ്കാരവും വിദ്യാഭ്യാസത്തിൽനിന്നും കുട്ടികൾക്ക് ലഭ്യമാക്കേണ്ടതുണ്ട്. കുടുംബത്തിൽ സാമ്പത്തിക അച്ചടക്കം നിലനിർത്താൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നതോടൊപ്പം കുട്ടികളിലും സാമ്പത്തിക അച്ചടക്കവും സാമ്പത്തിക സംസ്കാരവും വളർത്തിയെടുക്കാൻ പരിശ്രമിക്കുകയും വേണം.

### കുട്ടികളും സാമ്പത്തിക സംസ്കാരവും

കുട്ടികളുടെ സാന്നിധ്യത്തിൽ പണത്തെക്കുറിച്ചുള്ള ചർച്ചപോലും ഒഴിവാക്കുന്ന മാതാപിതാക്കളുണ്ട്. ഈ സമീപനം കുട്ടികളിൽ ദുർവ്യയശീലവും ധൂർത്തും വേരുപ്പിക്കാനേ ഇടയാക്കുകയുള്ളൂ. പണത്തെക്കുറിച്ചു പ്രായോഗികമായ ജ്ഞാനം കുട്ടികൾക്ക് പകർന്നുകൊടുക്കാൻ മാതാപിതാക്കൾക്ക് കഴിയണം.



ഇവിടെ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. കുട്ടികൾക്ക് തീരെ പണം കൊടുക്കാതിരിക്കുന്നതും കണ്ടമാനം കൊടുത്ത് അവരെ പണം കൈകാര്യം ചെയ്യുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താതിരിക്കുന്നതും അപകടമാണ്. കുട്ടിക്ക് തീരെ പണം കൊടുക്കാതെ പണമില്ലെന്നു പറഞ്ഞ് കൈ മലർത്തുന്നത് പാപ്പരത്തം അഭിനയിക്കലായിരിക്കും. ഇത് അവരുടെ മനസ്സിൽ പ്രതികൂല ചിന്തകളെ വളർത്തും. 'ഞാൻ വലുതാകുമ്പോൾ എങ്ങനെയും പണമുണ്ടാക്കി പകരം വീട്ടും' എന്ന ചിന്ത അവരിൽ ഉടലെടുക്കുകയും ചെയ്യും.

കുട്ടികൾക്ക് നിർലോഭം പണം കൊടുത്ത് സ്നേഹം പ്രകടിപ്പിക്കുന്ന ചില മാതാപിതാക്കളുണ്ട്. വിദേശത്ത് പണിയെടുക്കുന്ന ചില രക്ഷിതാക്കൾ കുട്ടികൾക്ക് പോക്കറ്റ് മണിയായി വൻതുകകൾ അയക്കുന്നത് പതിവാണ്. ആ പണം കുട്ടി എങ്ങനെ വിനിയോഗിക്കുന്നുവെന്ന് അന്വേഷിക്കുകപോലുമുണ്ടാകില്ല പലരും. ഇത്തരം കുട്ടികൾ ചീത്ത കൂട്ടുകെട്ടുകളിൽ പെട്ട് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുകയും മറ്റു അനാശാസ്യകാര്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നതായാണു കണ്ടുവരുന്നത്.

കുട്ടികൾക്ക് പോക്കറ്റ് മണി കൊടുക്കുന്നുവെങ്കിൽ അതിന് കൃത്യമായി കണക്ക് ആവശ്യപ്പെടണം. അനാവശ്യമായി പണം ചെലവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും ഉണ്ടെങ്കിൽ തിരുത്തുകയും വേണം. കാര്യങ്ങൾ അവരെ പറഞ്ഞു ബോധ്യപ്പെടുത്തണം. അതുപോലെ കുറച്ചെങ്കിലും സമ്പാദ്യത്തിലേക്ക് നീക്കിവെയ്ക്കാനായി പ്രേരിപ്പിക്കുക. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിൽ മാതാപിതാക്കൾക്ക് വലിയ പങ്കുവഹിക്കാനുണ്ട്.

മാതാപിതാക്കളോട് ആവശ്യത്തിന് പണം ചോദിക്കുവാൻ മക്കളെ ശീലിപ്പിക്കുക. അത്യാവശ്യത്തിനു പണം ചോദിച്ചാൽ കൊടുക്കാതിരിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും ശരിയല്ല. അത് അവരിൽ നിരാശയും മനോവിഷമവും ഉളവാക്കുന്നതോടൊപ്പം ആവശ്യം നിറവേറ്റാനായി മോഷ്ടിക്കാൻ വരെ തയ്യാറാകുവാൻ അവരെ പ്രേരിപ്പിച്ചേക്കും. ഇത്തരം കുട്ടികൾ മയക്കുമരുന്ന് മാഫിയകളുടെ വലയിൽ വീഴാനുള്ള സാധ്യത കൂടുതലാണ്. കുട്ടികൾക്ക് പ്രലോഭനമുണ്ടാക്കും വിധം പണം അലക്ഷ്യമായി വയ്ക്കരുത്. കണ്ടാൽ ചിലപ്പോൾ അവർ എടുത്തെന്നിരിക്കും. അതിന് ഇടനൽകാതിരിക്കുക. ചുരുക്കത്തിൽ, മറ്റെന്തിലുമെന്നപോലെ സാമ്പത്തിക അച്ചടക്കത്തിലും കുട്ടികൾ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നതും മാതൃകയാക്കുന്നതും മാതാപിതാക്കളെയാണ്. അതുകൊണ്ട് മാതാപിതാക്കളിൽനിന്നുതന്നെ സാമ്പത്തിക അച്ചടക്കവും അവർ പഠിക്കട്ടെ.

“ **മാതാപിതാക്കളോട് ആവശ്യത്തിന് പണം ചോദിക്കുവാൻ മക്കളെ ശീലിപ്പിക്കുക. അത്യാവശ്യത്തിനു പണം ചോദിച്ചാൽ കൊടുക്കാതിരിക്കുന്നതും ഭീഷണിപ്പെടുത്തുന്നതും ശരിയല്ല. അത് അവരിൽ നിരാശയും മനോവിഷമവും ഉളവാക്കുന്നതോടൊപ്പം ആവശ്യം നിറവേറ്റാനായി മോഷ്ടിക്കാൻ വരെ തയ്യാറാകുവാൻ അവരെ പ്രേരിപ്പിച്ചേക്കും. ഇത്തരം കുട്ടികൾ മയക്കുമരുന്ന് മാഫിയകളുടെ വലയിൽ വീഴാനുള്ള സാധ്യത കൂടുതലാണ്. കുട്ടികൾക്ക് പ്രലോഭനമുണ്ടാക്കും വിധം പണം അലക്ഷ്യമായി വയ്ക്കരുത്. കണ്ടാൽ ചിലപ്പോൾ അവർ എടുത്തെന്നിരിക്കും. അതിന് ഇടനൽകാതിരിക്കുക.** ”

സാമ്പത്തിക അച്ചടക്കത്തിലൂടെ മാത്രമെ നല്ലൊരു കുടുംബം കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂ. വരവറിഞ്ഞു ചെലവാക്കാനും വരവും ചെലവും പൊരുത്തപ്പെടുത്തിക്കൊണ്ട് ചെറിയൊരു സംഖ്യയെങ്കിലും മിച്ചം വയ്ക്കാൻ കഴിയുകയും ചെയ്യുമെങ്കിൽ അത് കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ഉപകാരപ്രദമായിരിക്കും. അതിനെക്കാളുപരി ജീവിതത്തിന്റെ മറ്റെല്ലാ രംഗങ്ങളിലും വേണ്ട അച്ചടക്കവും ഇതുവഴി കൈവരിക്കാൻ കഴിയും.

### കടക്കെണിയിൽ വീഴരുത്

ഉത്തമമായ കുടുംബ ബജറ്റ് ഉണ്ടാക്കുകയും അതനുസരിച്ച് വരവുചെലവുകൾ ക്രമീകരിക്കുകയും ചെയ്യൽ അനിവാര്യമാണ്. വരുമാനത്തിന്റെ പരിധി നോക്കിയിട്ടായിരിക്കണം പണം ചെലഴിക്കുന്നത്.കഴിയുന്നതും കടം വാങ്ങാതിരിക്കുക. അഥവാ വാങ്ങുകയാണെങ്കിൽ കൃത്യമായി തിരിച്ചടക്കുക. അനുകരണവും ആഡംബരങ്ങളും കിടമൽസരവും ഒഴിവാക്കുക. ലോൺ വേണോ എന്ന് ചോദിച്ച് നിരന്തരം മൊബൈലിലേക്ക് മെസ്സേജ് വന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ചാടിവീണ്

ലോണെടുത്താൽ തിരിച്ചടക്കാൻ കഴിയാതെ പ്രയാസപ്പെടേണ്ടിവരും. സത്യവിശ്വാസികൾ പരമാവധി ഇതിൽനിന്നും മാറിനിൽക്കാൻ ശ്രമിക്കണം.

നബിﷺ പറഞ്ഞു: "ദുർവിനിയോഗത്തിന് ഏതൊരുവൻ കടം വാങ്ങുന്നുവോ അവനെ അല്ലാഹു നാശത്തിലേക്ക് ആനയിക്കും" (ബുഖാരി).


കടം വാങ്ങുന്നത് അത്രനല്ല ഏർപ്പാടല്ല. അതുകൊണ്ടുതന്നെ പ്രവാചകൻ അതിനെ നിരുൽസാഹപ്പെടുത്തിയിട്ടുണ്ട്.

"അല്ലാഹുവേ, പാപത്തിൽനിന്നും കടബാധ്യതയിൽനിന്നും ഞാൻ നിന്നിൽ അഭയം തേടുന്നു" എന്ന് നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു. ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവിന്റെ ദൂതരേ, അവിടുന്ന് ധാരാളമായി കടബാധ്യതയിൽനിന്ന് അഭയം തേടുന്നുണ്ടല്ലോ." നബിﷺ പറഞ്ഞു: 'ഒരാൾ കടത്തിലായിരിക്കുമ്പോൾ അവൻ കളവ് പറയുകയും വാഗ്ദാനം ലംഘിക്കുകയും ചെയ്യും' (ബുഖാരി).

ദിനപത്രങ്ങളുടെ കൂടെ ബഹുവർണ നോട്ടീസുകൾ, പത്രത്തിന്റെ ഒരു പേജ് മുഴുവൻ പരസ്യം...എല്ലാം പ്രലോഭിപ്പിക്കുന്നവ. ദിനേന നാമിത് കാണുന്നു. പരസ്യത്തിൽ കാണുന്ന ഉൽപന്നം നമുക്ക് ആവശ്യമില്ലെങ്കിലും അഥവാ അങ്ങനെയൊന്ന് വീട്ടിലുണ്ടെങ്കിലും നാമത് വാങ്ങുന്നു. ചിലപ്പോൾ കാശ് കടംവാങ്ങിയിട്ടോ ഇൻസ്റ്റാൾമെന്റായോ ആയിരിക്കും അത്യാവശ്യമല്ലാത്ത ഉൽപന്നം വാങ്ങുന്നത്. നാം പ്രലോഭനങ്ങളിൽ വീഴാതിരിക്കുക. ഇഷ്ടപ്പെട്ടതായാലും ആവശ്യമില്ലെന്നു തോന്നുന്ന യാതൊന്നും വാങ്ങാതിരിക്കുക.

പണത്തിന് അടിമയാകാതിരിക്കുക. അമിതമായ പണക്കൊതി ഒഴിവാക്കുക. അമിതമായ പിശുക്കും സാമ്പത്തിക സംസ്കാരമില്ലായ്മയാകയാൽ അതും ഒഴിവാക്കുക.

ഭൗതിക വിഭവങ്ങളോട് മനുഷ്യൻ അത്യാസക്തനാണ്. എത്ര കിട്ടിയാലും അവന് മതിയാകില്ല. നബിﷺ പറഞ്ഞു: "മനുഷ്യന് സ്വർണത്തിന്റെ ഒരു താഴ്‌വരയുണ്ടാവുകയാണെങ്കിൽ തനിക്ക് രണ്ട് താഴ്‌വരയുണ്ടാവണമെന്ന് അവൻ ആഗ്രഹിക്കും. മണ്ണല്ലാതെ മറ്റൊന്നും അവന്റെ വായ നിറക്കില്ല" (ബുഖാരി, മുസ്‌ലിം).



അതെ, മനുഷ്യർ അങ്ങനെയാണ്. പത്തുകിട്ടിയാൽ നൂറുകിട്ടാൻ കൊതി. നൂറ് കിട്ടിയാൽ ആയിരത്തി നും! കോടികൾ കിട്ടിയാലും അവന്റെ ധനത്തോടുള്ള ആർത്തി തീരില്ല.

### അയൽപക്കബന്ധം കാത്തുസൂക്ഷിക്കുക

സാമ്പത്തികമായും ശാരീരികമായും മറ്റും അവശതയനുഭവിക്കുന്ന അയൽവാസികളെ കണ്ടറിഞ്ഞു സഹായിക്കാൻ തയ്യാറാവുക. ലോക്ക്ഡൗൺ കാരണം വരുമാനമാർഗം നിലച്ച അയൽവാസിയുടെ വീട്ടിലെ അടുപ്പിൽ തീ പുകയുന്നില്ലെങ്കിൽ, അവിടെയുള്ള കുട്ടികളുടെ കരച്ചിൽ കേട്ടിട്ടും സഹായിക്കാൻ നാം തയ്യറാകുന്നില്ലെങ്കിൽ നാം സാമ്പത്തിക സംസ്കാരം ഉൾക്കൊണ്ടിട്ടില്ലെന്നർഥം.

സമൂഹത്തിന്റെ ഭദ്രതക്കും കെട്ടുറപ്പിനും അനിവാര്യമായ ഒരു ഘടകമാണ് അയൽക്കാർ തമ്മിലുള്ള നല്ല ബന്ധം. ഒരു ആപത്ത് സംഭവിച്ചാൽ അടുത്ത ബന്ധുക്കളെത്തും മുമ്പെ ഓടി വരാനുള്ള അയൽക്കാരുമായി നല്ല ബന്ധം സ്ഥാപിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. പരസ്പരം വിട്ടുവീഴ്ച ചെയ്തും പൊറുത്തു കൊടുത്തും പിണങ്ങിക്കഴിയുന്ന അയൽക്കാരുമായി ഇണങ്ങുവാൻ ശ്രമിക്കണം. ഇസ്‌ലാം ഏറെ പ്രാധാന്യം നൽകുന്ന കാര്യംകൂടിയാണിതെന്ന് ഓർക്കുക.

ടി.കെ.അശ്റഫ്
tkashraf100@gmail.com

നമുക്ക് ചുറ്റും

# കണ്ടാലും കൊണ്ടാലും പഠിക്കാത്ത സമൂഹം!

കൗമാരക്കാരായ പെൺകുട്ടികളും യുവതികളും വ്യത്യസ്തമായ രീതികളിൽ പീഡിപ്പിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന വാർത്തകൾക്ക് നമ്മുടെ നാട്ടിൽ പഞ്ഞമില്ലാതായിരിക്കുന്നു! ചിലർ കഠാരക്ക് ഇരയാകുന്നു. മറ്റു ചിലർ പെട്രോളൊഴിച്ച് കത്തിക്കപ്പെടുകയോ സ്ഫോടനത്തിൽ ചിതറിത്തെറിക്കുകയോ ചെയ്യുന്നു. ഉഗ്രവിഷമുള്ള പാമ്പിനെക്കൊണ്ട് കടിപ്പിക്കപ്പെടുന്നവരും ഓടുന്ന വാഹനത്തിൽനിന്ന് പുറത്തേക്കെറിയപ്പെടുന്നവരും ആസിഡ്കൊണ്ടുള്ള ആക്രമണത്തിന് വിധേയരാകുന്നവരും ഉണ്ട്. അവസാനം ഇതാ.... വിദ്യാസമ്പന്നയായ ഒരു യുവതിയെ ഒരു യുവാവ് തോക്കുകൊണ്ട് അതിക്രൂരമായി വധിച്ചിരിക്കുന്നു! പ്രതിക്ക് എവിടെനിന്നാണ് തോക്ക് കിട്ടിയത് എന്ന് കണ്ടെത്താനുള്ള ശ്രമത്തിലാണിപ്പോൾ പോലീസ്.

ഇതിലും ചൂടേറിയ ഒരു വാർത്ത വരുന്നതുവരെ ചാനലുകളിൽ ചർച്ചക്കും പത്രങ്ങളിൽ ലേഖനത്തിനും ഇത് വിഷയമായേക്കാം. അതിനപ്പുറം, എന്തുകൊണ്ട് ഇത്തരം കുറ്റകൃത്യങ്ങൾ സംഭവിക്കുന്നുവെന്ന് ഗൗരവപൂർവം ചർച്ച ചെയ്ത് പരിഹാര നടപടികളിലേക്ക് കടക്കാൻ പലപ്പോഴും സമൂഹം തയ്യാറല്ല. എല്ലാത്തിനും കാരണക്കാരി സ്ത്രീയാണെന്ന ആക്ഷേപം ഒരു ഭാഗത്തും പുരുഷാധിപത്യ ഫ്യൂഡൽ കാഴ്ചപ്പാടാണ് അടിസ്ഥാന പ്രശ്നമെന്ന് മറുഭാഗത്തും ചർച്ചകൾ പൊടിപൊടിക്കും.

സ്ത്രീയായാലും പുരുഷനായാലും ദൈവത്തിന്റെ സൃഷ്ടിയാണ്. സ്രഷ്ടാവിന്റെ മാർഗ നിർദേശങ്ങൾക്കനുസരിച്ച് സ്ത്രീയും പുരുഷനും ജീവിത കാഴ്ചപ്പാട് രൂപപ്പെടുത്തൽ മാത്രമാണ് ശരിയായ പരിഹാരം. അതിലേക്കെത്താൻ എത്ര വൈകുന്നുവോ അത്രയും പ്രത്യാഘാതങ്ങൾ നാം അനുഭവിച്ചുകൊണ്ടേയിരിക്കും.

പുരുഷനെ സ്ത്രീയാക്കുന്നതും സ്ത്രീയെ പുരുഷനാക്കുന്നതുമല്ല പ്രശ്നത്തിനുള്ള പരിഹാരം. പുരുഷനോ സ്ത്രീയോ എന്നതല്ല പ്രധാനം; മനസ്സിന്റെ നന്മയാണ് സ്രഷ്ടാവ് പരിഗണിക്കുന്നത്. സ്ത്രീപുരുഷബന്ധം വിവാഹത്തിലൂടെ മാത്രമാകണം. അതിനുമുമ്പുള്ളതെല്ലാം ഏതു പേരിട്ട് വിളിച്ചാലും അധർമമാണ്.

മുഹമ്മദ് നബിﷺയുടെ ഒരു മുന്നറിയിപ്പ് ഈ സന്ദർഭത്തിൽ ഏറെ പ്രസക്തമാണ്: 'ഒരാളും അന്യ സ്ത്രീയുമായി ഒഴിഞ്ഞിരിക്കുകയില്ല തന്നെ; അവർ രണ്ടുപേരോടൊപ്പം മൂന്നാമനായി പിശാച് ഉണ്ടാകാതെ.'

ഒരു മനുഷ്യന് തന്റെ ലൈംഗികത ഏറ്റവും നല്ലനിലയിൽ ഉപയോഗിക്കുന്നതിനും മോശമായ മാർഗത്തിൽ നിന്നും തടയുന്നതിനും ആവശ്യമായ എല്ലാ നിർദേശങ്ങളും ഇസ്‌ലാം പഠിപ്പിക്കുന്നുണ്ട്.


"നിങ്ങൾ വ്യഭിചാരത്തെ സമീപിച്ചുപോകരുത്. തീർച്ചയായും അത് ഒരു നീചവൃത്തിയും ദുഷിച്ച മാർഗവുമാകുന്നു"(ക്വുർആൻ 17:32). വ്യഭിചാരത്തിലേക്ക് അടുക്കുകപോലുമരുത് എന്നാണ് ക്വുർആനിന്റെ കൽപന. അതിലേക്ക് എത്തുന്നതായ എന്തൊക്കെ കാര്യങ്ങളുണ്ടോ അതെല്ലാം നിർബന്ധമായും ഒഴിവാക്കണമെന്നാണ് പ്രവാചകൻﷺ ലോകത്തെ പഠിപ്പിച്ചത്.

വിവാഹപൂർവലൈംഗികബന്ധത്തെയും അതിലേക്ക് നയിക്കുന്ന രഹസ്യഇടപാടുകളെയും ആധുനികതയുടെയും യുക്തിചിന്തയുടെയും ലൈംഗിക സ്വാതന്ത്ര്യത്തിന്റെയും പേരിൽ ന്യായീകരിക്കുന്ന കാലത്തോളം സമൂഹം ഈ പ്രശ്നത്തിൽ നിന്ന് രക്ഷപ്പെടാൻ പോകുന്നില്ല.

വലവീശി പിടിക്കാൻ വരുന്ന കഴുകൻമാരിൽ നിന്ന് കുതറിമാറുന്ന യുവതികൾ, അവർക്ക് വഴങ്ങാത്തതിന്റെ പേരിൽ നിഷ്കരുണം കൊല്ലപ്പെടുമ്പോൾ ഏതാനും ദിവസം മാധ്യമങ്ങൾക്ക് അത് വാർത്തയാവുകയും പിന്നീട് വിസ്മരിക്കപ്പെടുകയും ചെയ്യുന്നതാണ് പതിവ്. അക്രമങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. കുറ്റവാളികൾക്ക് തക്കതായ ശിക്ഷ നൽകാത്തിടത്തോളം കാലം ഇതിനൊരു മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**'അൽ വാബിലുസ്സ്വയ്യിബ്' എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

16

എന്റെ ഗുരുനാഥൻ ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(റഹി) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'നിശ്ചയം! ദുനിയാവിൽ ഒരു സ്വർഗമുണ്ട്. അതിൽ പ്രവേശിക്കാത്തവർക്ക് പരലോകത്തെ സ്വർഗത്തിലും കടക്കാനാവില്ല.'

അദ്ദേഹം ഒരിക്കൽ എന്നോട് പറഞ്ഞു: 'എന്റെ ശത്രുക്കൾക്ക് എന്നെ എന്തു ചെയ്യാനാണ് പറ്റുക? എന്റെ സ്വർഗവും തോട്ടവുമൊക്കെ എന്റെ ഹൃദയത്തിലാണ്. ഞാൻ എവിടെ പോയാലും അവയെല്ലാം വേർപിരിയാതെ എന്റെ കൂടെത്തന്നെയുണ്ട്. എന്റെ തടവറ എനിക്കുള്ള സ്വസ്ഥതയും ഏകാന്തതയുമാണ്. എന്റെ മരണമാകട്ടെ എന്റെ ശഹാദത്തും (രക്തസാക്ഷിത്വം) എന്നെ എന്റെ നാട്ടിൽ

നിന്ന് പുറത്താക്കൽ എനിക്കുള്ള വിനോദയാത്രയുമാണ്' (ശൈഖുൽ ഇസ്‌ലാം ഇബ്‌നുതൈമിയ(റ ഹി)യുടെ മജ്മൂഉൽ ഫതാവ 3/259 കാണുക).

ഒരിക്കൽ അദ്ദേഹം തന്റെ തടവറയിൽ വെച്ച് ഇപ്രകാരം പറയുകയുണ്ടായി: 'ഈ കോട്ട നിറച്ചു ഇവർക്ക് ഞാൻ സ്വർണം നൽകിയാൽ പോലും ഈ അനുഗ്രഹത്തിനു തുല്യമായ നന്ദിയാകുമെന്ന് ഞാൻ കരുതുന്നില്ല.' അതായത് അവരെനിക്ക് നന്മക്ക് നിമിത്തമായതിന് പകരമായി ഞാനവർക്ക് പ്രത്യുപകാരം ചെയ്തതാകില്ല.

അദ്ദേഹം ബന്ധനസ്ഥനായി കഴിയവെ സുജൂദിൽ കിടന്ന് ഇപ്രകാരം പറയുമായിരുന്നു: 'അല്ലാഹുമ്മ അഇന്നീ അലാ ദിക് രിക വ ശുക് രിക വ ഹുസ്നി ഇബാദത്തിക' (അല്ലാഹുവേ നിന്നെ സ്മരിക്കുവാനും നിനക്ക് നന്ദി ചെയ്യുവാനും നല്ല രൂപത്തിൽ നിനക്ക് ഇബാദത്ത് നിർവഹിക്കുവാനും എന്നെ നീ സഹായിക്കണേ). മാശാ അല്ലാഹ്!

ഒരിക്കൽ എന്നോട് അദ്ദേഹം പറഞ്ഞു: 'തന്റെ റബ്ബിൽനിന്ന് ഹൃദയത്തെ തടഞ്ഞുവെക്കപ്പെട്ടവനാണ് യഥാർഥ തടവറയിലകപ്പെട്ടവൻ. ദേഹേച്ഛയുടെ പിടിയിലകപ്പെട്ടവനാണ് യഥാർഥ ബന്ധനസ്ഥൻ.'

അദ്ദേഹത്തെ തടവറയിലേക്ക് കൊണ്ടുപോകുമ്പോൾ അതിന്റെ മതിൽക്കെട്ടുകളിലേക്ക് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "...അപ്പോൾ അവർക്കിടയിൽ ഒരു മതിൽ കൊണ്ട് മറയുണ്ടാക്കപ്പെടുന്നതാണ്. അതിന് ഒരു വാതിലുണ്ടായിരിക്കും. അതിന്റെ ഉൾഭാഗത്താണ് കാരുണ്യമുള്ളത്. അതിന്റെ പുറം ഭാഗത്താകട്ടെ ശിക്ഷയും" (ക്വുർആൻ 57:13).

പ്രസ്തുത സുഖജീവിതത്തിന്റെ പ്രശോഭയും പ്രസരിപ്പും അദ്ദേഹത്തിന്റെ മുഖത്ത് കാണാമായിരുന്നു. ശക്തമായ ഭയപ്പാടോ ആശങ്കകളോ അസ്വസ്ഥതകളോകൊണ്ട് ഞങ്ങൾ പൊറുതിമുട്ടിയാൽ അദ്ദേഹത്തിന്റെയടുക്കൽ ഞങ്ങൾ ചെല്ലുമായിരുന്നു. ഞങ്ങൾ അദ്ദേഹത്തെ കാണുകയും ശ്രവിക്കുകയും ചെയ്യുന്ന മാത്രയിൽതന്നെ അതെല്ലാം ഞങ്ങളിൽനിന്ന് വിട്ടകന്നിട്ടുണ്ടാകും. മനസ്സിനൊരു ആശ്വാസവും ശക്തിയും ദൃഢതയും കരുത്തും സമാധാനവുമൊക്കെ കൈവരികയും ചെയ്യും.

അല്ലാഹുവിനെ കണ്ടുമുട്ടുന്നതിനു മുമ്പുതന്നെ അവന്റെ സ്വർഗത്തിന്റെ സാക്ഷ്യങ്ങളായി ചില ദാസന്മാരെ നിശ്ചയിച്ച അല്ലാഹു എത്രയോ പരിശുദ്ധൻ! കർമലോകത്ത് (ഇഹലോകത്ത്) വെച്ചുതന്നെ അതിന്റെ കവാടങ്ങൾ അവർക്ക് അവൻ തുറന്നുകൊടുക്കുകയും അതിന്റെ സുഗന്ധവും ഇളംകാറ്റും ആശ്വാസവുമെല്ലാം അവർക്ക് വന്നെത്തുകയും അങ്ങനെ അത് തേടിപ്പിടിക്കാനായി സർവശേഷിയും വിനിയോഗിച്ച് അതിനായി മത്സരിക്കുകയും ചെയ്യുമാറ് അവൻ അവർക്ക് 'തൗഫീക്വ്' നൽകി.

**“ അല്ലാഹുവിനോടുള്ള സ്നേഹവും അവനെക്കുറിച്ചുള്ള അറിവും നിരന്തരമായ ദിക്റും അവയിൽ ശാന്തിയും സമാധാനവുമടയലും ഒടുങ്ങാത്ത സ്നേഹവും, ഭയവും പ്രതീക്ഷയുമെല്ലാം അവനോട് മാത്രമാകലും, ഭരമേൽപിക്കലും സുപ്രധാനമായ ഇടപാട് അവനുമായിട്ടാകലും, അഥവാ ഒരു അടിമയുടെ സർവ സങ്കടങ്ങളും ഉദ്ദേശങ്ങളും തീരുമാനങ്ങളുമെല്ലാം എൽപിക്കുന്നത് അല്ലാഹുവിലേക്ക് മാത്രമായിരിക്കുക എന്നത്, സത്യത്തിൽ അതാണ് ദുൻയാവിലെ സ്വർഗം. ആ സുഖത്തോട് മറ്റൊരു സുഖവും സമമാവുകയില്ല. അതാണ് യഥാർഥ വിശ്വാസിയുടെ കൺകുളിർമയും ജ്ഞാനികളുടെ ജീവനും. ”**

ചില മഹത്തുക്കൾ ഇപ്രകാരം പറയാറുണ്ടായിരുന്നു: 'അവർ അനുഭവിക്കുന്ന ഈ സുഖം ഭൂമിയിലെ രാജാക്കന്മാരും രാജ പുത്രന്മാരും അറിഞ്ഞിരുന്നുവെങ്കിൽ അതിന്റെ പേരിൽ അവർ നമ്മളോട് വാളെടുത്ത് യുദ്ധം ചെയ്യുമായിരുന്നു.' (ഇബ്‌റാഹീമുബ്നു അദ്ഹമിൽനിന്ന് ബൈഹക്വി തന്റെ 'അസ്സുഹ്ദി'ലും അബൂ നുഐം 'അൽഹിൽയ'യിലും ഉദ്ധരിച്ചത്).

മറ്റൊരാൾ പറഞ്ഞത് ഇങ്ങനെയാണ്: 'ഇഹലോകത്തിന്റെ ആളുകളായ സാധുക്കൾ ഇഹലോകത്തിലെ ഏറ്റവും വിശിഷ്ടമായത് രുചിക്കാതെയാണ് ഇവിടംവിട്ട് പോകുന്നത്!' അദ്ദേഹത്തോട് ചോദിച്ചു: 'എന്താണ് അതിലെ ഏറ്റവും വിശിഷ്ടമായത്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിനോടുള്ള സ്നേഹവും അവനെക്കുറിച്ചുള്ള അറിവും ദിക്റുമാണ്.'

അല്ലാഹുവിനോടുള്ള സ്നേഹവും അവനെക്കുറിച്ചുള്ള അറിവും നിരന്തരമായ ദിക്റും അവയിൽ ശാന്തിയും സമാധാനവുമടയലും ഒടുങ്ങാത്ത സ്നേഹവും, ഭയവും പ്രതീക്ഷയുമെല്ലാം അവനോട് മാത്രമാകലും, ഭരമേൽപിക്കലും സുപ്രധാനമായ ഇടപാട് അവനുമായിട്ടാകലും, അഥവാ ഒരു അടിമയുടെ സർവ സങ്കടങ്ങളും ഉദ്ദേശങ്ങളും തീരുമാനങ്ങളുമെല്ലാം എൽപിക്കുന്നത് അല്ലാഹുവിലേക്ക് മാത്രമായിരിക്കുക എന്നത്, സത്യത്തിൽ അതാണ് ദുൻയാവിലെ സ്വർഗം. ആ സുഖത്തോട് മറ്റൊരു സുഖവും സമമാവുകയില്ല. അതാണ് യഥാർഥ വിശ്വാസിയുടെ കൺകുളിർമയും ജ്ഞാനികളുടെ ജീവനും.

ആളുകളുടെ കണ്ണുകൾക്ക് കുളിർമയും ആനന്ദവും ഉണ്ടാകുന്നത് അവരുടെ കണ്ണുകൾക്ക് അല്ലാഹുവിനെക്കൊണ്ട് കുളിർമയുണ്ടാകുന്നതിനനുസരിച്ചായിരിക്കും. അല്ലാഹുവിനെക്കൊണ്ട് ഒരാൾക്ക് കൺകുളിർമ നേടാനായാൽ അയാളെക്കൊണ്ട് സർവ കണ്ണുകൾക്കും കുളിർമ കിട്ടുന്നതാണ്. എന്നാൽ നേരെ മറിച്ച് ഒരാൾക്ക് അല്ലാഹുവിനെക്കൊണ്ട് കൺകുളിർമ നേടാനായില്ലെങ്കിൽ അയാൾ ദുനിയാവിന്റെ കാര്യത്തിൽ ആശയറ്റവനും അസ്വസ്ഥനുമായിരിക്കും.

ഈ കാര്യങ്ങളൊക്കെ സത്യപ്പെടുത്താനും അനുഭവിച്ചറിയാനും പറ്റുക ഹൃദയം സജീവമായി നിൽക്കുന്നവർക്ക് മാത്രമാണ്. എന്നാൽ ഹൃദയത്തിന്റെ ജീവൻ നഷ്ടമായവനാകട്ടെ; അവൻ നിനക്ക് ഇണക്കമില്ലായ്മയും വെറുപ്പുമായിരിക്കും സമ്മാനിക്കുക. പിന്നീട് അയാളിൽനിന്ന് പരമാവധി അകന്ന് നിൽക്കാനായിരിക്കും നീ ആഗ്രഹിക്കുക. അയാളുടെ സാന്നിധ്യം എപ്പോഴും നിനക്ക് ആസ്വസ്ഥതയുണ്ടാക്കിക്കൊണ്ടിരിക്കും. അത്തരക്കാരെ കൊണ്ട് നീ പരീക്ഷിക്കപ്പെട്ടാൽ ബാഹ്യമായ എന്തെങ്കിലുമൊക്കെ ഉപചാരങ്ങൾ ചെയ്തുകൊണ്ട് നീ അവിടുന്ന് രക്ഷപ്പെടാൻ നോക്കുക. നിന്റെ മനസ്സും സ്വകാര്യങ്ങളും പങ്കുവെക്കാതിരിക്കുക. അത്തരക്കാരുമായി കൂടുതൽ സമയം വിനിയോഗിച്ച് അതിനെക്കാൾ പ്രധാനപ്പെട്ടവയിൽനിന്ന് തിരിഞ്ഞുകളയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

അല്ലാഹുവുമായിട്ടുള്ള നിന്റെ ബന്ധവും അവനിൽനിന്നുള്ള നിന്റെ വിഹിതവും നഷ്ടപ്പെടുത്തുന്നവനുമായി നീ സമയം വിനിയോഗിക്കുകയും അവനുമായി വ്യാപൃതമാവലുമാണ് ഏറ്റവും വലിയ നഷ്ടവും കൊടും ഖേദവുമെന്ന് നീ തിരിച്ചറിയുക. അല്ലാഹുവിൽനിന്ന് നിന്റെ പിന്തിരിയലും നിന്റെ സമയം നഷ്ടപ്പെടുത്തലും മനസ്സിനെ അസ്വസ്ഥമാക്കലും മനക്കരുത്ത് തകർക്കലും നിന്റെ ചിന്തയെ ശിഥിലമാക്കലുമൊക്കെയാണ് അതിലൂടെ സംഭവിക്കുക. ഇത്തരക്കാരെ കൊണ്ട് നീ പരീക്ഷിക്കപ്പെട്ടാൽ-അത് അനിവാര്യമായും ഉണ്ടാകുന്നതാണ്- അപ്പോൾ അക്കാര്യത്തിലും നീ റബ്ബുമായി ഇടപാട് നടത്തുക. നിനക്ക് സാധ്യമാകും വിധം റബ്ബിന്റെ പ്രതിഫലം കാംക്ഷിച്ച് (ഇഹ്തിസാബോട് കൂടി) അല്ലാഹുവിന്റെ തൃപ്തി തേടിക്കൊണ്ട് അവനിലേക്കടുക്കുക. അത്തരക്കാരുമായി ഒത്തുചേരേണ്ടി വരുന്ന സാഹചര്യമുണ്ടായാൽ അതും നിനക്ക് പുണ്യം സമ്പാദിക്കാനുള്ള അവസരമാക്കി മാറ്റുക. അതൊരിക്കലും നീ നഷ്ടത്തിന്റെയും ഖേദത്തിന്റെയും സന്ദർഭമാക്കരുത്. നീ അയാളോടൊപ്പമാകുമ്പോൾ ഇങ്ങനെയാവുക. നിന്റെ വഴിയിലൂടെ നീ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ അപരിചിതനായ ഒരാൾ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് മാർഗതടസ്സം സൃഷ്ടിക്കുന്നുവെങ്കിൽ നീ അയാളെയും നിന്റെ കൂടെ കൂട്ടിക്കൊണ്ട് യാത്ര തുടരാൻ ശ്രമിക്കുക. നീ അയാളെ കൂട്ടണം; അയാൾ ഒരിക്കലും നിന്നെ കൂട്ടിക്കൊണ്ടുപോകരുത്.

ഇനി അതിന് അയാൾ ഒരുക്കമല്ലെങ്കിൽ നീ അയാളുടെ കൂടെ പോകാനോ അയാളുടെ കൈവശമുള്ളത് വല്ലതും മോഹിക്കാനോ നോക്കാതെ അയാളെ അയാളുടെ പാട്ടിന് വിട്ടുകൊണ്ട് നീ നിന്റെ യാത്ര തുടരുക. അയാളിലേക്ക് നീ തിരിഞ്ഞുനോ



ക്കേണ്ടതില്ല. കാരണം അയാൾ വഴികൊള്ളക്കാരനാണ്. ആരുതന്നെയായിരുന്നാലും നിന്റെ നിശ്ചയദാർഢ്യം കൊണ്ട് നീ അവടെനിന്ന് രക്ഷപ്പെടുക. സമയം പാഴാക്കാതെ നീ യാത്ര തുടരുക. നിന്റെ അലംഭാവം മൂലം നീ ലക്ഷ്യസ്ഥാനത്തെത്തുന്നതിന് മുമ്പ് നീ പിടിക്കപ്പെടാതിരിക്കാൻ നീ ജാഗ്രത പാലിക്കുക. അപ്പോൾ നിനക്ക് രക്ഷപ്പെടാൻ പറ്റും. നേരെ മറിച്ച് നീ അമാന്തം കാണിച്ച് അവിടെത്തന്നെ നിൽക്കുകയും യാത്രക്കാരൊക്കെ പോയിക്കഴിഞ്ഞു നീ തനിച്ചാവുകയും ചെയ്താൽ പിന്നെ നിനക്ക് അവരുടെ ഒപ്പം എത്താൻ എങ്ങനെയാണ് സാധിക്കുക?

(35) തീർച്ചയായും 'ദിക്ർ' ഒരാളെ നന്മയുടെയും പുണ്യത്തിന്റെയും അടുത്തേക്ക് കൂട്ടിക്കൊണ്ട് പോകും. ചിലപ്പോൾ അയാൾ തന്റെ വിരിപ്പിലോ അങ്ങാടിയിലോ ആയിരിക്കും. തന്റെ ആരോഗ്യാവസ്ഥയിലോ രോഗസ്ഥിതിയിലോ ആയിരിക്കാം. തന്റെ സുഖാസ്വാദന വേളയിലോ ജീവിത സന്ധാരണ വഴിയിലോ നിറുത്തത്തിലോ ഇരുത്തത്തിലോ കിടത്തത്തിലോ യാത്രയിലോ ഒക്കെ ആവാം. ഏതവസ്ഥയിലായിരുന്നാലും 'ദിക്ർ' പോലെ ഏതവസ്ഥകളിലും ഏത് സമയങ്ങളിലും പുണ്യം നേടിത്തരുന്ന വേറൊരു കർമവുമില്ല. ചിലപ്പോൾ അത് തന്റെ വിരിപ്പിൽ കിടന്നുറങ്ങുന്ന ആളെ കൊണ്ടുപോയി അശ്രദ്ധയോടെ രാത്രി എഴുന്നേറ്റു നമസ്കരിക്കുന്നയാളെക്കാൾ മുമ്പിലെത്തിച്ചിട്ടുണ്ടാകും. അങ്ങനെ പ്രഭാതത്തിലാവുമ്പോൾ ഇദ്ദേഹം തന്റെ വിരിപ്പിൽ കിടന്നുകൊണ്ടുതന്നെ യാത്രാസംഘത്തിന്റെ മുമ്പിലെത്തിയിട്ടുണ്ടാകും. എന്നാൽ അശ്രദ്ധയോടെ ('ദിക്ർ' ഇല്ലാതെ) രാത്രി നമസ്കരിച്ചയാളകട്ടെ യാത്രാസംഘത്തിന്റെ പിന്നിലുമായിരിക്കും. അത് അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് നൽകുന്ന തന്റെ ഔദാര്യമാണ്.

വലിയ ആബിദായ (ധാരാളം ആരാധന ചെയ്യുന്ന) ഒരു വ്യക്തിയിൽനിന്നും ഉദ്ധരിക്കപ്പെടുന്നു: അദ്ദേഹം ആബിദായ മറ്റൊരു വ്യക്തിയുടെ അടുക്കൽ അതിഥിയായി എത്തി. അപ്പോൾ ആതിഥേയനായ ആബിദ് രാത്രി എഴുന്നേറ്റു ദീർഘമായി നമസ്കരിച്ചു. അതിഥിയാകട്ടെ തന്റെ വിരിപ്പിൽ കിടക്കുകയായിരുന്നു. രാവിലെയായപ്പോൾ ആതിഥേയനായ ആബിദ് മറ്റെയാളോട് പറഞ്ഞു: 'യാത്രാസംഘം താങ്കളെ മുൻകടന്നു.' അപ്പോൾ അയാൾ ഇങ്ങനെ പറഞ്ഞുവത്രെ: 'രാത്രി മുഴുവൻ യാത്ര ചെയ്ത് പ്രഭാതത്തിൽ യാത്രാസംഘത്തോടൊപ്പം എത്തുന്നതിലല്ല കാര്യം. രാത്രി തന്റെ വിരിപ്പിൽ കഴിച്ചുകൂട്ടിക്കൊണ്ട് പ്രഭാതത്തിൽ യാത്രാസംഘത്തിന്റെ മുന്നിലെത്തുന്നതിലാണ് കാര്യം!'

ഇത് പോലുള്ളവയ്ക്ക് ശരിയായ വിശദീകരണവും തെറ്റായ വ്യാഖ്യാനവും നൽകാൻ പറ്റുന്ന

> **അല്ലാഹുവുമായിട്ടുള്ള ബന്ധവും അവനിൽനിന്നുള്ള വിഹിതവും നഷ്ടപ്പെടുത്തുന്നവനുമായി സമയം വിനിയോഗിക്കുകയും അവനുമായി വ്യാപൃതമാവലുമാണ് ഏറ്റവും വലിയ നഷ്ടവും കൊടും ഖേദവുമെന്ന് തിരിച്ചറിയുക. അല്ലാഹുവിൽനിന്ന് പിന്തിരിയലും സമയം നഷ്ടപ്പെടുത്തലും മനസ്സിനെ അസ്വസ്ഥമാക്കലും മനക്കരുത്ത് തകർക്കലും ചിന്തയെ ശിഥിലമാക്കലുമൊക്കെയാണ് അതിലൂടെ സംഭവിക്കുക. സാധ്യമാകുംവിധം റബ്ബിന്റെ പ്രതിഫലം കാംക്ഷിച്ച് അല്ലാഹുവിന്റെ തൃപ്തി തേടിക്കൊണ്ട് അവനിലേക്കടുക്കുക. അത്തരക്കാരുമായി ഒത്തുചേരേണ്ടി വരുന്ന സാഹചര്യമുണ്ടായാൽ അതും പുണ്യം സമ്പാദിക്കാനുള്ള അവസരമാക്കി മാറ്റുക. അതൊരിക്കലും നഷ്ടത്തിന്റെയും ഖേദത്തിന്റെയും സന്ദർഭമാക്കരുത്. വഴിയിലൂടെ സഞ്ചരിച്ചു കൊണ്ടിരിക്കുമ്പോൾ അപരിചിതനായ ഒരാൾ മുമ്പിൽ പ്രത്യക്ഷപ്പെട്ടുകൊണ്ട് മാർഗതടസ്സം സൃഷ്ടിക്കുന്നുവെങ്കിൽ അയാളെയും കൂടെ കൂട്ടിക്കൊണ്ട് യാത്ര തുടരാൻ ശ്രമിക്കുക.**

താണ്. ആരെങ്കിലും ഇതിനെ, രാത്രി തന്റെ വിരിപ്പിൽ കിടന്നുറങ്ങിയ മനുഷ്യൻ രാത്രി എഴുന്നേറ്റു ഭക്തിപൂർവം നിന്ന് നമസ്കരിച്ചയാളെക്കാൾ പുണ്യത്തിൽ മുൻകടക്കുമെന്ന് വ്യാഖ്യാനിച്ചാൽ അത് അസംബന്ധമാണ്. മറിച്ച് ഇതിന് നൽകാവുന്ന നേരായ വിശദീകരണം ഇങ്ങനെയാണ്; അതായത് തന്റെ ഹൃദയം റബ്ബുമായി ബന്ധിപ്പിച്ചുകൊണ്ട് തന്റെ വിരിപ്പിൽ കിടന്നുറങ്ങിയ വ്യക്തി തന്റെ മനസ്സിനെ ദുനിയാവിന്റെ ചിന്തകളിൽനിന്ന് വേർപെടുത്തി ആത്മീയ ലോകത്ത് ബന്ധിച്ചു. ശരീരത്തിന്റെ ക്ഷീണംകൊണ്ടോ രോഗം കാരണത്താലോ ശത്രു ഭയമോ മറ്റെന്തെങ്കിലും തടസ്സങ്ങൾ കാരണത്താലോ രാത്രി എഴുന്നേറ്റു നമസ്കരിക്കാൻ അയാൾക്ക് സാധിച്ചില്ല. അങ്ങനെ അയാൾ കിടന്നുറങ്ങി. അയാളുടെ മനസ്സി

ലുള്ളതിനെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നവൻ അല്ലാഹുവാണ്. എങ്കിൽ അയാൾ രാത്രി എഴുന്നേറ്റു നമസ്കരിക്കാതെ ഉറങ്ങിയത് ഒരു അപരാധമല്ല.

എന്നാൽ മറ്റൊരാൾ രാത്രി എഴുന്നേറ്റു നന്നായി ക്വുർആൻ പാരായണം ചെയ്ത് ദീർഘനേരം നമസ്കരിക്കുന്നു. പക്ഷേ, അയാളുടെ മനസ്സിൽ പ്രകടനപരതയും (രിയാഅ്) ആത്മപ്രശംസയും ജനങ്ങളുടെ അടുക്കൽ അംഗീകാരവും സൽകീർത്തിയുമൊക്കെ കിട്ടുമെന്ന മോഹവുമാണെങ്കിൽ, അതല്ല അയാളുടെ മനസ്സ് ഒരിടത്തും ശരീരം മറ്റൊരിടത്തുമായി മനഃസാന്നിധ്യമില്ലാതെയാണ് അത് നിർവഹിച്ചതെങ്കിൽ സംശയിക്കേണ്ടതില്ല, ആ കിടന്നുറങ്ങിയ വ്യക്തിയാണ് ഇയാളെക്കാൾ ഏറെ ദൂരം മുൻകടന്നത്. കർമങ്ങളുടെ കേന്ദ്രം ഹൃദയമാണ്. അതല്ലാതെ ശരീരമല്ല. അതിനാൽ ചോദനയും പ്രേരണയുമാണ് കണക്കിലെടുക്കുക. അപ്പോൾ 'ദിക്ർ' നിശ്ചലമായ മനസ്സിനെ പ്രചോദിപ്പിക്കുകയും ഒളിഞ്ഞുകിടക്കുന്ന സ്നേഹത്തെ ഇളക്കിവിടുകയും നിർജീവമായ തേട്ടങ്ങളെ ജീവിപ്പിക്കുകയും ചെയ്യും.

(36) 'ദിക്ർ' അതിന്റെ വക്താവിന് ഈലോകത്തും ക്വബ്റിലും നാളെ പരലോകത്തുമൊക്കെ വെളിച്ചമായിരിക്കും. 'സ്വിറാത്തിൽ' അത് അയാളുടെ മുന്നിലൂടെ പ്രകാശം പരത്തി സഞ്ചരിക്കും. ഹൃദയങ്ങൾക്കും ക്വബ്റുകൾക്കും അല്ലാഹുവിനെ പ്രകീർത്തിക്കുക എന്നത് പോലെ പ്രകാശം പരത്തുന്ന മറ്റൊന്നില്ല. അല്ലാഹു പറയുന്നു:

"നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും, നാം ഒരു (സത്യ)പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്തു കടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ? അങ്ങനെ, സത്യനിഷേധികൾക്ക് തങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത് ഭംഗിയായി തോന്നിക്കപ്പെട്ടിരിക്കുന്നു" (ക്വുർആൻ 6:122).

ആദ്യം പറഞ്ഞത് സത്യവിശ്വാസിയെ സംബന്ധിച്ചാണ്. അല്ലാഹുവിലുള്ള വിശ്വാസംകൊണ്ടും അവനോടുള്ള സ്നേഹം, അവനെക്കുറിച്ചുള്ള അറിവ്, സ്മരണ എന്നിവകൊണ്ടുമൊക്കെ അവന് പ്രകാശം ലഭിക്കും. മറ്റേത് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയിൽനിന്നകന്ന് അശ്രദ്ധനായി കഴിയുന്നവനെക്കുറിച്ചും. അല്ലാഹുവിനോടുള്ള സ്നേഹം, അറിവ്, ദിക്ർ എന്നിവയിൽനിന്നൊക്കെ അയാൾ വളരെ പിന്നിലായിരിക്കും.

കാര്യങ്ങളിൽ ഏറ്റവും പ്രധാനവും യഥാർഥ വിജയവും പ്രകാശം കിട്ടുന്നതിലാണ്. ഏറ്റവും വലിയ പരാജയമാകട്ടെ അത് നഷ്ടപ്പെടലിലുമാണ്.

അതിനാൽതന്നെ നബിﷺ പ്രകാശത്തിനു വേണ്ടി അല്ലാഹുവിനോട് ധാരാളമായി ചോദിക്കാറുണ്ടായിരുന്നു. തന്റെ മാംസത്തിലും പേശിയിലും രോമത്തിലും ചർമത്തിലും കണ്ണിലും കാതിലും മുഖത്തിലും താഴെയും വലതുവശത്തും ഇടതുവശത്തും മുന്നിലും പിന്നിലും എല്ലാം പ്രകാശം ഏർപ്പെടുത്തിത്തരുവാനായി പ്രാർഥിക്കും. എത്രത്തോളമെന്നാൽ നബിﷺ ഇപ്രകാരം പറയുമായിരുന്നു: 'എന്നെ നീ പ്രകാശമാക്കേണമേ' (ഇമാം മുസ്‌ലിം ഇബ്നു അബ്ബാസിؓനിന്ന് നിവേദനം ചെയ്തത്).

അതായത്, നബിﷺ തന്റെ രക്ഷിതാവിനോട് തന്റെ ബാഹ്യവും ആന്തരികവുമായ എല്ലാറ്റിലും പ്രകാശം നിറക്കാനായി തേടുകയാണ്. തന്റെ എല്ലാ വശങ്ങളിലും പ്രകാശം ചുറ്റിനിൽക്കാനും തന്റെ എല്ലാമെല്ലാം പ്രകാശമയമാക്കാനും ആവശ്യപ്പെടുകയാണ്.

അല്ലാഹുവിന്റെ മതം(ദീൻ) പ്രകാശമാണ്. അവന്റെ ഗ്രന്ഥം പ്രകാശമാണ്. അവന്റെ ഇഷ്ടദാസ



ന്മാർക്കായി അവനൊരുക്കിയ ഭവനവും (സ്വർഗം) മിന്നിത്തിളങ്ങുന്ന പ്രകാശമാണ്. അനുഗ്രഹപൂർണനും അത്യുന്നതനുമായ അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാണ്. അവന്റെ വിശിഷ്ടമായ നാമങ്ങളിൽപെട്ടതാണ് 'അന്നൂർ' (പ്രകാശം) എന്നത്. അവന്റ തിരുമുഖത്തിന്റെ പ്രകാശത്താൽ അന്ധകാരങ്ങൾവരെയും പ്രകാശ പൂരിതമായി.

ത്വാഇഫ് ദിനത്തിൽ നബിﷺ നടത്തിയ പ്രാർഥനയിൽ ഇങ്ങനെ കാണാം: 'നിന്റെ ശാപകോപങ്ങൾ എന്റെമേൽ വന്നിറങ്ങുന്നതിൽ നിന്നും നിന്റെ മുഖത്തിന്റെ പ്രകാശംകൊണ്ട് നിന്നോട് ഞാൻ രക്ഷതേടുന്നു-അതുമുഖേന ഇരുട്ടുകൾ നീങ്ങുകയും ഇരുലോകത്തെയും കാര്യങ്ങൾ നന്നാവുകയും ചെയ്യുന്നുവല്ലോ– നീ തൃപ്തിപ്പെടുന്നത് വരെ ഞാനെന്റെ വീഴ്ചകൾ സമ്മതിച്ചു നിനക്ക് കീഴ്പ്പെടുന്നു. നിന്നെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും കഴിവുമില്ല' (ത്വബ്റാനി, ദിയാഉൽ മക്ദിസി തന്റെ 'അൽഅഹാദീഥുൽ മുഖ്താറ'യിലും ഉദ്ധരിച്ചത്).

ഇബ്നു മസ്ഊദ്ﷺ പറഞ്ഞതായി നിവേദനം: 'നിങ്ങളുടെ രക്ഷിതാവിന്റെയടുക്കൽ രാത്രിയും പകലുമില്ല, ആകാശഭൂമികളുടെ പ്രകാശം അവന്റെ മുഖത്തിന്റെ പ്രകാശത്താലാണ്' (ത്വബ്റാനി).

അല്ലാഹു പറയുന്നു: "ഭൂമി അതിന്റെ രക്ഷിതാവിന്റെ പ്രഭകൊണ്ടു പ്രകാശിക്കുകയും ചെയ്യും..." (ക്വുർആൻ 39:69).

അല്ലാഹു അന്ത്യനാളിൽ അവന്റെ അടിയാറുകൾക്കിടയിൽ തീർപ്പുകൽപിക്കുവാൻ വരുമ്പോൾ അവന്റെ പ്രഭകൊണ്ട് ഭൂമി പ്രകാശിക്കും. അന്നേ ദിവസം സൂര്യനോ ചന്ദ്രനോ കാരണത്താലല്ല ഭൂമിയിലെ പ്രകാശം. സൂര്യൻ ചുറ്റിപ്പൊതിയപ്പെടുകയും ചന്ദ്രന് ഗ്രഹണം ബാധിക്കുകയും അവയുടെ പ്രകാശം നഷ്ടപ്പെടുകയും ചെയ്യും. അല്ലാഹുവിന്റെ മറ പ്രകാശമാകുന്നു.

അബൂമൂസാﷺ പറയുന്നു: "ഒരിക്കൽ നബിﷺ ഞങ്ങൾക്കിടയിൽ എഴുന്നേറ്റുനിന്നുകൊണ്ട് അഞ്ചു കാര്യങ്ങൾ പറഞ്ഞു: 'നിശ്ചയമായും, അല്ലാഹു ഉറങ്ങുകയില്ല, ഉറങ്ങുക എന്നത് അവന് യോജിച്ചതല്ല. അവൻ തന്റെ അടിമകൾക്കിടയിൽ നീതിപൂർവം വിധിക്കുന്നു. പകലിലെ കർമങ്ങൾക്കു മുമ്പായി രാത്രിയിലെ കർമങ്ങളും രാത്രിയിലെ കർമങ്ങൾക്കു മുമ്പായി പകലിലെ കർമങ്ങളും അവന്റെ പക്കലേക്കു ഉയർത്തപ്പെടുന്നു. അവന്റെ മറ പ്രകാശമാകുന്നു. അവനത് നീക്കിയാൽ അവന്റെ മുഖത്തിന്റെ പ്രകാശം സൃഷ്ടികളെ ആസകലം കരിച്ചുകളയുന്നതാണ്" (മുസ്ലിം, അഹ്മദ്).

അവന്റെ മുഖത്തിന്റെ പ്രകാശത്താലാണ് ആ മറയുടെ പ്രകാശം. ആ മറയില്ലായിരുന്നെങ്കിൽ അവന്റെ മുഖത്തിന്റെ പ്രകാശം എല്ലാറ്റിനെയും കരിച്ചുകളയുമായിരുന്നു. അതിനാലാണ് അല്ലാഹു പർവതത്തിന് വെളിപ്പെടുകയും ആ മറയുടെ അൽപമൊന്ന് വെളിവാകുകയും ചെയ്തപ്പോൾ പർവതം ഭൂമിയിലേക്ക് ആണ്ടുപോവുകയും തകർന്ന് തരിപ്പണമാവുകയും ചെയ്തത്. (വിശുദ്ധ ക്വുർആൻ 7:143 കാണുക).

ഇതാണ് വിശുദ്ധ ക്വുർആൻ 6:103ലെ 'ദൃഷ്ടികൾ അവനെ പ്രാപിക്കുകയില്ല' എന്നതിന്റെ ആശയമായി ഇബ്നു അബ്ബാസ്ﷺ പറഞ്ഞത്: 'അല്ലാഹു അവന്റെ പ്രകാശം കൊണ്ട് വെളിപ്പെട്ടാൽ അതിനുനേരെ ഒന്നും നിൽക്കുകയില്ല' (തിർമിദി, നസാഈ, ത്വബ്റാനി, ഹാകിം).

ഇത് അദ്ദേഹത്തിന്റെ കൗതുകകരമായ ഗ്രാഹ്യതയും സൂക്ഷ്മവുമായ ചിന്തയുമാണ്. നബിﷺ ക്വുർആൻ വ്യാഖ്യാനത്തിനുള്ള അറിവ് നൽകാനായി അല്ലാഹുവിനോട് പ്രാർഥിച്ച വ്യക്തിത്വമാണല്ലോ അദ്ദേഹം!

**(അവസാനിച്ചില്ല)**

> **"കാര്യങ്ങളൊക്കെ സത്യപ്പെടുത്താനും അനുഭവിച്ചറിയാനും പറ്റുക ഹൃദയം സജീവമായി നിൽക്കുന്നവർക്ക് മാത്രമാണ്. എന്നാൽ ഹൃദയത്തിന്റെ ജീവൻ നഷ്ടമായവനാകട്ടെ; അവൻ ഇണക്കമില്ലായ്മയും വെറുപ്പുമായിരിക്കും സമ്മാനിക്കുക. പിന്നീട് അയാളിൽനിന്ന് പരമാവധി അകന്ന് നിൽക്കാനായിരിക്കും ആഗ്രഹിക്കുക. അയാളുടെ സാന്നിധ്യം എപ്പോഴും അസ്വസ്ഥതയുണ്ടാക്കിക്കൊണ്ടിരിക്കും. അത്തരക്കാരെ കൊണ്ട് പരീക്ഷിക്കപ്പെട്ടാൽ ബാഹ്യമായ എന്തെങ്കിലുമൊക്കെ ഉപചാരങ്ങൾ ചെയ്തുകൊണ്ട് അവിടുന്ന് രക്ഷപ്പെടാൻ നോക്കുക. മനസ്സും സ്വകാര്യങ്ങളും പങ്കുവെക്കാതിരിക്കുക. അത്തരക്കാരുമായി കൂടുതൽ സമയം വിനിയോഗിച്ച് അതിനെക്കാൾ പ്രധാനപ്പെട്ടവയിൽനിന്ന് തിരിഞ്ഞുകളയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക."**

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 54, ഭാഗം 3

# അൽക്വമർ (ചന്ദ്രൻ)

(മക്കയിൽ അവതരിച്ചത്)

18. ആദ് സമുദായം (സത്യത്തെ) നിഷേധിച്ചു കളഞ്ഞു. എന്നിട്ട് എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയായിരുന്നു (എന്ന് നോക്കുക).
19. വിട്ടുമാറാത്ത ദുശ്ശകുനത്തിന്റെ ഒരു ദിവസത്തിൽ ഉഗ്രമായ ഒരു കാറ്റ് നാം അവരുടെ നേർക്ക് അയക്കുക തന്നെ ചെയ്തു.
20. കടപുഴകി വീഴുന്ന ഈന്തപ്പനത്തടികളെന്നോണം അത് മനുഷ്യരെ പറിച്ചെറിഞ്ഞുകൊണ്ടിരുന്നു.
21. അപ്പോൾ എന്റെ ശിക്ഷയും എന്റെ താക്കീതുകളും എങ്ങനെയായിരുന്നു (എന്നു നോക്കുക).
22. തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?
23. ഥമൂദ് സമുദായം താക്കീതുകളെ നിഷേധിച്ചുകളഞ്ഞു.
24. അങ്ങനെ അവർ പറഞ്ഞു: നമ്മളിൽ പെട്ട ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ? എങ്കിൽ തീർച്ചയായും നാം വഴിപിഴവിലും ബുദ്ധിശൂന്യതയിലും തന്നെയായിരിക്കും
25. നമ്മുടെ കൂട്ടത്തിൽനിന്ന് അവന്നു പ്രത്യേകമായി ഉൽബോധനം നൽകപ്പെട്ടു എന്നോ? അല്ല, അവൻ അഹങ്കാരിയായ ഒരു വ്യാജവാദിയാകുന്നു.
26. എന്നാൽ നാളെ അവർ അറിഞ്ഞുകൊള്ളും; ആരാണ് അഹങ്കാരിയായ വ്യാജവാദിയെന്ന്.

كَذَّبَتْ عَادٌ فَكَيْفَ كَانَ عَذَابِي وَنُذُرِ ﴿١٨﴾
إِنَّا أَرْسَلْنَا عَلَيْهِمْ رِيحًا صَرْصَرًا فِي يَوْمِ
نَحْسٍ مُّسْتَمِرٍّ ﴿١٩﴾
تَنزِعُ النَّاسَ كَأَنَّهُمْ أَعْجَازُ نَخْلٍ مُّنقَعِرٍ ﴿٢٠﴾
فَكَيْفَ كَانَ عَذَابِي وَنُذُرِ ﴿٢١﴾
وَلَقَدْ يَسَّرْنَا الْقُرْآنَ لِلذِّكْرِ فَهَلْ مِن مُّدَّكِرٍ ﴿٢٢﴾
كَذَّبَتْ ثَمُودُ بِالنُّذُرِ ﴿٢٣﴾
فَقَالُوا أَبَشَرًا مِّنَّا وَاحِدًا نَّتَّبِعُهُ إِنَّا إِذًا لَّفِي
ضَلَالٍ وَسُعُرٍ ﴿٢٤﴾
أَؤُلْقِيَ الذِّكْرُ عَلَيْهِ مِن بَيْنِنَا بَلْ هُوَ كَذَّابٌ
أَشِرٌ ﴿٢٥﴾
سَيَعْلَمُونَ غَدًا مَّنِ الْكَذَّابُ الْأَشِرُ ﴿٢٦﴾

18,19. യമനിലെ പ്രസിദ്ധമായ ഒരു ഗോത്രമാണ് 'ആദ്.' അവരിലേക്ക് അല്ലാഹു അയച്ചത് 'ഹൂദ്' നബി ﷺയെയാണ്. അല്ലാഹുവിന്റെ ഏകത്വത്തിലേക്കും ആരാധനകളിലേക്കും അദ്ദേഹം അവരെ ക്ഷണിച്ചു. അപ്പോൾ അവർ അദ്ദേഹത്തെ കളവാക്കി. അങ്ങനെ അല്ലാഹു അവരുടെമേൽ അയച്ചു: (ഉഗ്രമായ ഒരു കാറ്റ്) അതികഠിനമായ. (ദുശ്ശകുനത്തിന്റെ ഒരു ദിവസത്തിൽ) അവർക്ക് ഏറ്റവും ദുരിതം നിറഞ്ഞതും ശിക്ഷ കഠിനമായതുമായ. (തുടച്ചയായ) ഏഴുരാത്രിയും എട്ടുപകലും തുടർച്ചയായി അവൻ അവരുടെമേൽ അയച്ചു.

20. (ജനങ്ങളെ പറിച്ചെറിഞ്ഞു) ആ കാറ്റിന്റെ ശക്തിയാൽ അത് അവരെ അന്തരീക്ഷത്തിലേക്ക് ഉയർത്തുകയും ഭൂമിയിൽ ശക്തമായി വീഴ്ത്തുകയും ചെയ്ത് അതവരെ നശിപ്പിച്ചു. അങ്ങനെ അവർ ആയിത്തീർന്നു: (കടപുഴകി വീഴുന്ന ഈത്തപ്പനത്തടികളെന്നോണം) നശിച്ചതിനു ശേഷമുള്ള അവരുടെ ജഡങ്ങൾ കാറ്റ് ഭൂമിയിൽ കടപുഴക്കിയെറിഞ്ഞ ഈത്തപ്പനത്തടികളെ പോലെയായിരുന്നു. തന്റെ കൽപനകൾക്ക് എതിരു പ്രവർത്തിച്ചാൽ അല്ലാഹുവിന്റെയടുക്കൽ സൃഷ്ടികൾ എത്ര നിസ്സാരർ!

21. (അപ്പോൾ എന്റെ ശിക്ഷയും എന്റെ താക്കിതുകളും എങ്ങനെയായിരുന്നു-എന്ന് നോക്കുക-) ഒരാൾക്കും ഒരു ന്യായവും അവശേഷിച്ചിട്ടില്ലാത്തത്. താക്കിതും വേദനയേറിയ ശിക്ഷയും തന്നെയായിരുന്നു.

22. (തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?) ഇഹപര നന്മകൾക്ക് ഉപകരിക്കുന്ന കാര്യങ്ങളിലേക്കു ക്ഷണിച്ചുകൊണ്ട് തന്റെ അടിമയോടുള്ള ശ്രദ്ധയും കരുണയാലും അല്ലാഹു ഈ ചോദ്യം ആവർത്തിച്ചുകൊണ്ടിരിക്കുന്നു.

23. (ഥമൂദ് താക്കീതുക്കളെ നിഷേധിച്ചുകളഞ്ഞു) ഹിജ്ർ എന്ന പ്രദേശത്തുള്ള പ്രസിദ്ധമായ ഒരു ഗോത്രമാണ് ഥമൂദ്.അവരുടെ പ്രവാചകൻ സ്വാലിഹ് ﷺ അവരെ അല്ലാഹുവിനെ ആരാധിക്കുന്നതിലേക്കും അവനു പകരക്കാരില്ലെന്നതിലേക്കും അവരെ ക്ഷണിച്ചു. എതിരു പ്രവർത്തിച്ചാലുണ്ടാവുന്ന ശിക്ഷയെക്കുറിച്ചു താക്കിതുചെയ്യുകയും ചെയ്തു.

24. അപ്പോൾ അവർ അദ്ദേഹത്തെ കളവാക്കുകയും അക്രമം കാണിക്കുകയും ചെയ്തു. അഹങ്കരിച്ചും ധിക്കരിച്ചും അവർ പറഞ്ഞു: (നമ്മിൽപെട്ട ഒരു മനുഷ്യനെ, ഒറ്റപ്പെട്ട ഒരുത്തനെ നാം പിന്തുടരുകയോ?) നമ്മിലോ മറ്റുള്ളവരിലോ പെട്ട, മലക്കുകളല്ലാത്ത, വെറും മനുഷ്യനായ, നമ്മെക്കാൾ ജനങ്ങളിൽ മഹാനുമല്ലാത്ത ഒരാളെ എങ്ങനെ നാം പിൻപറ്റും? അതോടൊപ്പം അയാൾ ഒറ്റയ്ക്കാണ് താനും. (എങ്കിൽ) ഇത്തരത്തിലുള്ള ഒരാളെ നാം പിൻപറ്റിയാൽ; (നാം വഴിപിഴവിലും ബുദ്ധിശൂന്യതയിലും തന്നെയായിരിക്കും) അതായത് നാം ഭാഗ്യംകെട്ടവരും വഴിപിഴച്ചവരുമായിരിക്കും. ഈ വാക്കുകളെല്ലാം വഴികേടിന്റെയും ദൗർഭാഗ്യത്തിന്റെയും തെളിവുകളാണ്. മനുഷ്യരിൽപെട്ട ഒരു പ്രവാചകനെ പിൻപറ്റാൻ അവർ അഹങ്കരിക്കുന്നു. എന്നാൽ ചിത്രങ്ങളും കല്ലും മരവും ആരാധിക്കുന്നവരാകാൻ അവർ അഹങ്കരിക്കുന്നുമില്ല!

25,26. (നമ്മുടെ കൂട്ടത്തിൽനിന്ന് അവന്ന് പ്രത്യേകമായി ഉൽബോധനം നൽകപ്പെട്ടു എന്നോ?) നമുക്കിടയിൽനിന്നും അവനുമാത്രമായി എങ്ങനെയാണ് ഒരു ഉൽബോധനം അല്ലാഹു ഇറക്കിയത്? നമ്മിൽ അവനു മാത്രമുള്ള പ്രത്യേകത എന്താണ്? നിഷേധികൾ അല്ലാഹുവിനെ എതിർത്തത് ഇങ്ങനെയാണ്. ഇത്തരം വാദങ്ങൾകൊണ്ടാണ് പ്രവാചകന്മാരുടെ ബോധനങ്ങളെ അവർ നേരിട്ടുകൊണ്ടിരുന്നത്. പ്രവാചകന്മാർ തങ്ങളുടെ സമൂഹങ്ങളോട് പറഞ്ഞ വാക്കുകളിൽ അല്ലാഹു ഈ സംശയത്തിനു മറുപടി നൽകുന്നുണ്ട്: "അവരോട് അവരിലേക്കുള്ള ദൈവദൂതൻമാർ പറഞ്ഞു: ഞങ്ങൾ നിങ്ങളെപ്പോലെയുള്ള മനുഷ്യൻമാർ തന്നെയാണ്. എങ്കിലും, അല്ലാഹു തന്റെ ദാസൻമാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു..." (14:11).

വഹ്‌യ് നൽകിയവർക്ക് അവരുടെ രക്ഷിതാവ് പ്രവാചകത്വത്തിനു ഗുണകരമായ ചില സവിശേഷതകളും സ്വഭാവങ്ങളും വിശേഷണങ്ങളും പ്രത്യേക അനുഗ്രഹങ്ങളായി നൽകി. ഇനി, അവർ മനുഷ്യരായി എന്നതും അവന്റെ യുക്തിയും കാരുണ്യവുമാണ്. അവരെങ്ങാനും മലക്കുകളായിരുന്നുവെങ്കിൽ മനുഷ്യർക്ക് അവരിൽനിന്ന് സന്ദേശങ്ങൾ സ്വീകരിക്കൽ അസാധ്യമായിരുന്നു. അവർ മലക്കുകളാണെങ്കിലോ ശിക്ഷ വളരെ പെട്ടന്നുതന്നെ വന്നെത്തുമായിരുന്നു. ഇതിന്റെ ഉദ്ദേശം സ്വാലിഹ് നബിയോട് അദ്ദേഹത്തിന്റെ ജനത കാണിച്ച നിഷേധമാണ്. അതുകൊണ്ടാണ് അവർക്ക് അദ്ദേഹത്തെ ആക്രമിയെന്നു വിളിക്കാൻ കഴിഞ്ഞത്. (അല്ല അവൻ അഹങ്കാരിയായ ഒരു വ്യാജവാദിയാകുന്നു) ദോഷവും കളവും അധികരിച്ചവൻ. അവരുടെ വിചാരങ്ങൾ എത്രമാത്രം വിഡ്ഢിത്തം നിറഞ്ഞതാണെന്ന് അല്ലാഹു ശാസിക്കുന്നു. ഉപദേശിക്കുന്ന സത്യസന്ധരായ പ്രവാചകന്മാരെ ഏറ്റവും മോശമായി അഭിസംബോധന ചെയ്യുന്നവരുടെ അക്രമവും കാഠിന്യവും എത്രയാണ്! (എന്നാൽ നാളെ അവർ അറിഞ്ഞുകൊള്ളും; ആരാണ് അഹങ്കാരിയായ വ്യാജവാദിയെന്ന്).

**(അവസാനിച്ചില്ല)**




മുഹമ്മദ് നബിﷺ 32

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# അഹ്ലുസ്സുഫ്ഫയും പട്ടിണിയും

കൃഷിക്ക് അനുയോജ്യമായ പ്രദേശമായിരുന്നു മദീന. അതിനാൽ മദീനക്കാരുടെ കാര്യമായ വരുമാനമാർഗം കൃഷിയായിരുന്നു. കൃഷി ചെയ്യാൻ അറിയുന്നവർക്ക് അവിടെ പിടിച്ചുനിൽക്കാൻ സാധിക്കുമായിരുന്നു. മക്കയിൽനിന്നും മദീനയിലെത്തിയ വിശ്വാസികൾക്ക് കാർഷികവൃത്തിയിൽ വലിയ പരിചയമില്ലായിരുന്നു. അവർക്ക് അറിയാവുന്ന തൊഴിൽ കച്ചവടമാണ്. അതുകൊണ്ട് തന്നെ മദീനയിൽ എത്തിയ മക്കക്കാരിൽ പലർക്കും ഏറെ കഷ്ടപ്പെടേണ്ടി വന്നിരുന്നു. ഇങ്ങനെയുള്ള സാഹചര്യത്തിൽ മദീന പള്ളിയുടെ ഒരു ഭാഗത്ത് പിന്നിലായി ചുറ്റും മറയില്ലാത്ത, ഈത്തപ്പനയോലകൊണ്ടുള്ള മേൽക്കൂര മാത്രമുള്ള ഒരു താമസസ്ഥലം ഒരുക്കുകയും, താമസി

ക്കാൻ ഇടമില്ലാത്തവരെ അവിടെ താമസിപ്പിക്കുകയും ചെയ്തു. ഇവരാണ് 'അഹ്‌ലുസ്സുഫ്ഫ' എന്ന പേരിൽ അറിയപ്പെടുന്നത്.

പരിമിതമായ സ്ഥലത്ത് അവർക്ക് തിങ്ങിപ്പാർക്കേണ്ടിവന്നു. അബൂഹുറയ്‌റ ﵁, അബൂദർറുൽ ഗിഫ്ഫാരി ﵁, സൽമാനുൽ ഫാരിസി ﵁, ഹൻളല ﵁, ഹുദൈഫ ﵁, ഖബ്ബാബ് ﵁, അബ്ദുല്ലാഹിബ്നു മസ്ഊദ് ﵁, സ്വുഹൈബ് അർറൂമി ﵁, ബിലാൽ ﵁, ബറാഅ് ഇബ്നു മാലിക് ﵁ പോലെയുള്ള പ്രമുഖരായ പല സ്വഹാബിമാരും അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. മറ്റു സ്ഥലങ്ങളിൽനിന്ന് ആരെങ്കിലും മദീനയിൽ എത്തിയാൽ അവരുടെ താമസസ്ഥലവും അതായിരുന്നു. അതിനാൽ അവിടെ തിരക്ക് വർധിച്ചു. ആരെങ്കിലും പുറത്ത് പോകുമ്പോൾ മാത്രം ഒരു കുറവ് വരും. എഴുപതോളം സ്വഹാബിമാർ സ്ഥിര താമസക്കാരായി എന്നും അവിടെയുണ്ട്. ഭക്ഷണമില്ലാത്തതിനാൽ വെള്ളവും ഈത്തപ്പഴവും മാത്രം കഴിച്ചായിരുന്നു അവർ ജീവിച്ചിരുന്നത്. അല്ലാഹുവിന്റെ ദീനിന് വേണ്ടി എത്രമാത്രം പ്രയാസമാണ് മഹാന്മാരായ സ്വഹാബിമാർ അനുഭവിച്ചിരുന്നതെന്ന് നാം ചിന്തിക്കേണ്ടതുണ്ട്. അവർ താമസിച്ചിരുന്ന ആ ഭാഗം ഇന്നും മദീന പള്ളിയിൽ പ്രത്യേകം അടയാളപ്പെടുത്തിയത് നമുക്ക് കാണാൻ സാധിക്കും.

മദീന പള്ളിയുടെ സമീപത്ത് താമസക്കാരായ ഈ മഹാന്മാർക്ക് ജോലികളൊന്നും ഇല്ലായിരുന്നു. അതിനുള്ള കഴിവോ ശേഷിയോ അവർക്ക് ഇല്ലാത്തതുതന്നെ കാരണം. പരമ ദരിദ്രരായിരുന്നു ഇവർ. ഭക്ഷണം ഇല്ലാതെ ദിവസം മുഴുവൻ കഴിച്ചുകൂട്ടേണ്ട സ്ഥിതിപോലും അവർക്ക് ഉണ്ടായിരുന്നു.

പ്രയാസരഹിതമായ ഇന്നത്തെ നമ്മുടെ സ്ഥിതി ഓർക്കുമ്പോൾ നാം പല കാര്യങ്ങളും ചിന്തിക്കേണ്ടതില്ലേ. ഈ മതം നമ്മിലേക്ക് എത്തിയതിന്റെ പിന്നിൽ വിശപ്പിന്റെയും പട്ടിണിയുടെയും ത്യാഗത്തിന്റെയും നീറുന്ന കഥകൾ ഉണ്ടെന്ന യാഥാർഥ്യം നാം വിസ്മരിച്ചുകൂടാ. എന്നിട്ടും എത്രത്തോളം അല്ലാഹുവിന്റെ കൽപനകളെ നാം സ്വീകരിക്കുന്നുണ്ട് എന്നതും ഏറെ ഗൗരവത്തോടെ ചിന്തിപ്പിക്കുന്നതാണ് മഹാന്മാരായ സ്വഹാബിമാരുടെ നീറുന്ന കഥകൾ.

അഹ്‌ലുസ്സുഫ്ഫയിൽ പെട്ട അബൂഹുറയ്‌റ ﵁ നബി ﷺ യിൽനിന്ന് ഏറ്റവും കൂടുതൽ ഹദീഥുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ള മഹാനായ സ്വഹാബിയാണ്. ഏത് സമയത്തും നബി ﷺ യുടെ കൂടെയായിരുന്നു അദ്ദേഹം. നബി ﷺ യിൽനിന്ന് നേരിട്ട് ദീൻ പഠിക്കാൻ അവസരം ലഭിക്കാത്ത താബിഉകളുടെ കാലത്ത് ജീവിച്ചിരുന്ന ഏതാനും സ്വഹാബിമാരിൽ പ്രമുഖനുമായിരുന്നു അദ്ദേഹം. അതിനാലാണ് അദ്ദേഹത്തിൽനിന്ന് ധാരാളം ഹദീഥുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്. എല്ലാവരും അവരുടെതായ ജോലിയിൽ ആകുമ്പോഴും അബൂഹുറയ്‌റ ﵁ നബി ﷺ യുടെ ചാരത്ത് ഉണ്ടാകും. അതിനാൽ നബി ﷺ പറയുന്നതും ചെയ്യുന്നതുമായ കാര്യങ്ങൾ ധാരാളം അനുഭവിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിന് ലഭിച്ചു. അബൂഹുറയ്‌റ ﵁ തന്നെ ഈ കാര്യം പറയുന്നത് നമുക്ക് കാണാൻ കഴിയും:

അബൂഹുറയ്‌റ ﵁ യിൽനിന്ന് അഅ്റജ് ﵁ നിവേദനം; അദ്ദേഹം പറഞ്ഞു: "അബൂഹുറയ്‌റ ﵁ (ഹദീഥുകൾ) അധികരിപ്പിക്കുന്നു എന്ന് ആളുകൾ പറയുന്നു. അല്ലാഹുവിന്റെ കിതാബിൽ രണ്ട് സൂക്തങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഞാൻ ഒരു ഹദീഥും പറയുമായിരുന്നില്ല. പിന്നീട് അദ്ദേഹം (ഇപ്രകാരം) ഓതി: 'നാം അവതരിപ്പിച്ച തെളിവുകളും മാർഗദർശനവും വേദഗ്രന്ഥത്തിലൂടെ ജനങ്ങൾക്ക് നാം വിശദമാക്കികൊടുത്തതിന് ശേഷം മറച്ചുവെക്കുന്നവരാരോ അവരെ അല്ലാഹു ശപിക്കുന്നതാണ്. ശപിക്കുന്നവരൊക്കെയും അവരെ ശ

> **വിശന്ന് അവശരായിരുന്ന അഹ്‌ലുസ്സുഫ്ഫക്കാർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന വേളയിൽ പ്രവാചകന്റെ കൂടെയുണ്ടായിരുന്നു എന്ന് നമുക്ക് കാണാം. സ്വഫ്‌വാൻ ﵁ ബദ്റിൽ രക്തസാക്ഷിയാകുകയുണ്ടായി. ഖുറയ്മ് ﵁, ഖുബയ്ബ് ﵁, സാലിം ﵁, ഹാരിഥ ﵁ തുടങ്ങിയവരെല്ലാം പരമ ദരിദ്രരായിരുന്നുവെങ്കിലും അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ അവർ പങ്കെടുത്തിരുന്നു. ഈ പറയപ്പെട്ട മുഹാജിറുകളായ മഹാന്മാർ എല്ലാവരും ബദ്ർ യുദ്ധത്തിൽ ശഹീദായവരാണ്. ഹൻളല ﵁ ഉഹ്ദ് യുദ്ധത്തിലാണ് രക്തസാക്ഷിയാകുന്നത്. ഈ മഹാന്മാരായ സ്വഹാബിമാരെക്കുറിച്ച് ചരിത്രം ഇപ്രകാരം രേഖപ്പെടുത്തി: 'രാത്രികാലത്ത് അവർ ആരാധനകളിൽ മുഴുകുന്നവരും പകൽസമയത്ത് യോദ്ധാക്കളുമായിരുന്നു.'**

പിക്കുന്നതാണ്. എന്നാൽ പശ്ചാത്തപിക്കുകയും നിലപാട് നന്നാക്കിത്തീർക്കുകയും (സത്യം ജനങ്ങൾക്ക്) വിവരിച്ചുകൊടുക്കുകയും ചെയ്തവർ ഇതിൽനിന്നൊഴിവാകുന്നു. അങ്ങനെയുള്ളവരുടെ പശ്ചാത്താപം ഞാൻ സ്വീകരിക്കുന്നതാണ്. ഞാൻ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ' (ക്വുർആൻ 2:159, 160). തീർച്ചയായും മുഹാജിറുകളിലെ ഞങ്ങളുടെ സഹോദരങ്ങൾ അങ്ങാടികളിൽ കച്ചവടത്തിൽ വ്യാപൃതരാകുകയും ഞങ്ങളിലെ അൻസ്വാറുകൾ അവരുടെ സമ്പാദ്യത്തിലെ (കൃഷിയിൽ) ജോലിയാലും വ്യപൃതരാകുമായിരുന്നു. ആ സമയത്ത് അബൂഹുറയ്റ തന്റെ വയറിന്റെ വിശപ്പിനാൽ അല്ലാഹുവിന്റെ റസൂലിﷺന്റെ കൂടെ നിൽക്കുമായിരുന്നു. അവർ ഹാജാറാകാത്തതിന് അദ്ദേഹം ഹാജറാകും; അവർ മനഃപാഠമാക്കാത്തത് അദ്ദേഹം മനഃപാഠമാക്കും" (ബുഖാരി).

അബൂഹുറയ്റ رضي الله عنه ധാരാളം ഹദീഥുകൾ ഉദ്ധരിക്കുന്നുണ്ടല്ലോ എന്ന് പലരും പറയാറുണ്ടായിരുന്നു. അദ്ദേഹം അത് ജനങ്ങളിൽനിന്ന് കേൾക്കുകയുണ്ടായി. അദ്ദേഹം അതിന്റെ കാരണം വിശദീകരിച്ചുകൊടുക്കുകയും ചെയ്തു. മുഹാജിറുകൾ അങ്ങാടികളിൽ കച്ചവടത്തിലും മദീനക്കാർ അവരുടെ കൃഷിയിലും മുഴുകും. ആ സമയത്ത് ഇതിനൊന്നും യാതൊരു വകയും ഇല്ലാതിരുന്ന അദ്ദേഹം നബിﷺയുടെ കൂടെയുണ്ടാകും. നബിﷺയുടെ കൂടെയാകുമ്പോൾ തന്റെ വിശപ്പും അടക്കാമല്ലോ എന്ന ഉദ്ദേശ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. ആ സമയത്ത് അദ്ദേഹം നബിﷺയിൽനിന്ന് പല കാര്യങ്ങളും കാണുകയും കേൾക്കുകയും മനഃപാഠമാക്കുകയും ചെയ്യുമായിരുന്നു. അത് അദ്ദേഹം ജനങ്ങളെ അറിയിക്കും. അല്ലാഹുവിന്റെ ദീനിൽ പഠിപ്പിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ മൂടിവെക്കുന്നവർക്ക് അല്ലാഹു നൽകിയ മുന്നറിയിപ്പ് അദ്ദേഹം ഭയപ്പെട്ടതിനാലാണ് അദ്ദേഹം അപ്രകാരം ചെയ്തിരുന്നത്.

അങ്ങനെ മദീന പള്ളിയിൽ ആരാധനകളിൽ മുഴുകിയും വിജ്ഞാനം സമ്പാദിച്ചും അദ്ദേഹം കഴിച്ചു കൂട്ടി. നബിﷺയുടെ കൂടെ കൂടുതൽ സമയം സഹവസിക്കാൻ അവസരം കിട്ടിയതിനാൽ അദ്ദേഹത്തിന് ധാരാളം അറിവുകൾ ലോകത്തിന് സംഭാവന നൽകാൻ സാധിക്കുകയുണ്ടായി. പുറത്ത് ജോലിക്കും മറ്റും പോയിട്ടുള്ള മറ്റു സ്വഹാബിമാർ പള്ളിയിൽ വരുന്ന വേളയിലും മറ്റുമായി നബിﷺയിൽനിന്ന് ലഭിച്ച അറിവുകൾ അവരുമായി അദ്ദേഹം പങ്കുവെക്കുകയും ചെയ്തിരുന്നു.

വിശന്ന് അവശരായിരുന്ന അഹ്ലുസ്സുഫ്ഫക്കാർ അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധം ചെയ്യുന്ന വേളയിൽ പ്രവാചകന്റെ കൂടെയുണ്ടായിരുന്നു എന്നും നമുക്ക് കാണാം. സ്വഫ്‌വാൻ رضي الله عنه ബദ്റിൽ രക്തസാക്ഷിയാകുകയുണ്ടായി. ഖുറയ്മ് رضي الله عنه, ഖുബയ്ബ് رضي الله عنه, സാലിം رضي الله عنه, ഹാരിഥ رضي الله عنه തുടങ്ങിയവരെല്ലാം പരമ ദരിദ്രരായിരുന്നുവെങ്കിലും അല്ലാഹുവിന്റെ മാർഗത്തിലുള്ള യുദ്ധത്തിൽ അവർ പങ്കെടുത്തിരുന്നു. ഈ പറയപ്പെട്ട മുഹാജിറുകളായ മഹാന്മാർ എല്ലാവരും ബദ്ർ യുദ്ധത്തിൽ ശഹീദായവരാണ്. ഹൻളല رضي الله عنه ഉഹ്ദ് യുദ്ധത്തിലാണ് രക്തസാക്ഷിയാകുന്നത്. ഈ മഹാന്മാരായ സ്വഹാബിമാരെക്കുറിച്ച് ചരിത്രം ഇപ്രകാരം രേഖപ്പെടുത്തി: 'രാത്രികാലത്ത് അവർ ആരാധനകളിൽ മുഴുകുന്നവരും പകൽസമയത്ത് യോദ്ധാക്കളുമായിരുന്നു.'

അവരുടെ ദാരിദ്ര്യത്തിന്റെ കഥകൾ ആരുടെയും കണ്ണ് നിറയ്ക്കുന്നതും മനസ്സിൽ വേദനയുളവാക്കുന്നതുമാണ്. പൂർണമായി നഗ്നത മറയ്ക്കുവാനുള്ള വസ്ത്രമില്ലാത്തവർ അവരിലുണ്ടവയിരുന്നു. നമസ്കരിക്കുന്ന വേളകളിൽ പുരുഷന്മാരുടെ പിരടിയിൽ എന്തെങ്കിലും ഉണ്ടാകണം; അവർക്ക് ഒരു തുണി മാത്രമാണ് ഉണ്ടായിരുന്നത്. അത് അവർ പിരടിയിലേക്ക് കെട്ടുകയും ഉടുമുണ്ടായി ധരിക്കു



കയുമായിരുന്നു ചെയ്തിരുന്നത്. ഒരു തുണി മാത്രം ഉണ്ടായിരുന്നവരായിരുന്നു അവരിൽ അധികവും എന്ന് പറഞ്ഞുവല്ലോ. അതുതന്നെ വേണ്ടത്ര വലിപ്പം ഇല്ലാത്തതും! സുജൂദിൽ കിടക്കുന്ന സമയത്ത് അവരുടെ നഗ്നത കാണുമായിരുന്നു എന്ന് പോലും ചരിത്രത്തിൽ കാണാം. അതിനാൽ പിന്നിൽ നമസ്കരിക്കുന്ന സ്ത്രീകളോട് മുന്നിലെ പുരുഷന്മാർ എഴുന്നേറ്റതിന് ശേഷമല്ലാതെ നിങ്ങൾ എഴുന്നേൽക്കരുത് എന്ന് പ്രവാചകൻﷺ കൽപിച്ചിരുന്നു. ഈ ദരിദ്രരായ മുഹാജിറുകളെ പറ്റി അല്ലാഹു പറഞ്ഞത് ഇപ്രകാരമാണ്:

“അതായത് സ്വന്തം വീടുകളിൽനിന്നും സ്വത്തുക്കളിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട മുഹാജിറുകളായ ദരിദ്രൻമാർക്ക് (അവകാശപ്പെട്ടതാകുന്നു ആ ധനം). അവർ അല്ലാഹുവിങ്കൽനിന്നുള്ള അനുഗ്രഹവും പ്രീതിയും തേടുകയും അല്ലാഹുവെയും അവന്റെ റസൂലിനെയും സഹായിക്കുകയും ചെയ്യുന്നു. അവർ തന്നെയാകുന്നു സത്യവാൻമാർ” (ക്വുർആൻ 59:8).

മുഹാജിറുകളായ പല സ്വഹാബിമാർക്കും മക്കയിൽ വീടും സ്വത്തുമെല്ലാം ഉണ്ടായിരുന്നു. എന്നാൽ ശത്രുക്കൾ അതൊന്നും നൽകാതെ പിടിച്ചുപറിച്ചു വാങ്ങുകയായിരുന്നു. അല്ലാഹുവിന്റെ തൃപ്തിയും പൊരുത്തവും മാത്രം ആഗ്രഹിച്ച് എല്ലാം ത്യജിക്കാൻ സന്നദ്ധരാകുകയായിരുന്നു ആ മഹാന്മാർ. എല്ലാം ത്യജിച്ച് മദീനയിൽ എത്തിയ അവരിൽ പലരുടെയും സ്ഥിതിഗതികളാണ് നാം കണ്ടത്. അവരുടെ ഭക്ഷണ കാര്യങ്ങളുടെ അവസ്ഥ അതിനെക്കാളും ദുരിതപൂർണമായിരുന്നു. വല്ലപ്പോഴും കിട്ടുന്ന ഭക്ഷണം മാത്രമാണ് അവർക്ക് ഉണ്ടായിരുന്നത്. അധികവും കാരക്കയും വെള്ളവുമായിരുന്നു അവരുടെ ആഹാരം. നബിﷺയുടെയും അനുചരന്മാരുടെയും ഈ സ്ഥിതി നമ്മെ ഏറെ ചിന്തിപ്പിക്കേണ്ട കാര്യമാണ്. വല്ലപ്പോഴും നബിﷺക്ക് ലഭിക്കുന്ന ഭക്ഷണവും മറ്റു സ്വഹാബിമാർ നൽകുന്ന ഭക്ഷണവുമായിരുന്നു അഹ്‌ലുസ്സുഫ്ഫയുടെ പ്രധാന ആശ്രയം. അതില്ലാത്ത വേളകളിൽ വെള്ളവും കാരക്കയും കഴിച്ച് വിശപ്പ് അടക്കും. നബിﷺ സ്വഹാബിമാരോട് ഈ പാവങ്ങളെ സഹായിക്കുവാൻ പ്രേരിപ്പിക്കുമായിരുന്നു. ഒരു ഹദീഥ് കാണുക:

അബ്ദുർറഹ്മാനിؓൽനിന്ന് നിവേദനം: “തീർച്ചയായും സ്വുഫ്ഫയുടെ ആളുകൾ ദരിദ്രരായ ആളുകളായിരുന്നു. (ആ സമയത്ത്) നബിﷺ പറഞ്ഞു: ‘ആരുടെയെങ്കിലും അടുക്കൽ രണ്ടാൾക്കുള്ള ആഹാരമുണ്ടെങ്കിൽ (ഇവരിൽനിന്ന് ഒരു) മൂന്നാമനെ കൊണ്ടുപോകട്ടെ. ഇനി നാലാൾക്കുണ്ടെങ്കിൽ അഞ്ചാമനെയോ അല്ലെങ്കിൽ ആറാമനെയോ കൊണ്ടുപോകട്ടെ” (ബുഖാരി).

**“ അഹ്‌ലുസ്സുഫ്ഫക്കാരുടെ ദാരിദ്ര്യത്തിന്റെ കഥകൾ ആരുടെയും കണ്ണ് നിറയ്ക്കുന്നതും മനസ്സിൽ വേദനയുളവാക്കുന്നതുമാണ്. പൂർണമായി നഗ്നത മറയ്ക്കുവാനുള്ള വസ്ത്രമില്ലാത്തവർ അവരിലുണ്ടവയിരുന്നു. നമസ്കരിക്കുന്ന വേളകളിൽ പുരുഷന്മാരുടെ പിരടിയിൽ എന്തെങ്കിലും ഉണ്ടാകണം; അവർക്ക് ഒരു തുണി മാത്രമാണ് ഉണ്ടായിരുന്നത്. അത് അവർ പിരടിയിലേക്ക് കെട്ടുകയും ഉടുമുണ്ടായി ധരിക്കുകയുമായിരുന്നു ചെയ്തിരുന്നത്. ഒരു തുണി മാത്രം ഉണ്ടായിരുന്നവരായിരുന്നു അവരിൽ അധികവും എന്ന് പറഞ്ഞുവല്ലോ. അതുതന്നെ വേണ്ടത്ര വലിപ്പം ഇല്ലാത്തതും! സുജൂദിൽ കിടക്കുന്ന സമയത്ത് അവരുടെ നഗ്നത കാണുമായിരുന്നു എന്ന് പോലും ചരിത്രത്തിൽ കാണാം. അതിനാൽ പിന്നിൽ നമസ്കരിക്കുന്ന സ്ത്രീകളോട് മുന്നിലെ പുരുഷന്മാർ എഴുന്നേറ്റതിന് ശേഷമല്ലാതെ നിങ്ങൾ എഴുന്നേൽക്കരുത് എന്ന് പ്രവാചകൻﷺ കൽപിച്ചിരുന്നു. ”**

നബിﷺയുടെ ആഹ്വാനം കേട്ട് സ്വഹാബിമാർ ഈ പാവങ്ങളെ തങ്ങളുടെ സ്വന്തം ആവശ്യം മറന്ന് കൂട്ടിക്കൊണ്ടുപോകും. എന്നിട്ടും ബാക്കിയായവരെ നബിﷺ തന്നെ ഏറ്റെടുക്കും. നബിﷺ അവരെ കൊണ്ടുപോകുന്നു. നബിﷺയുടെ അടുക്കൽ ഒന്നും ഇല്ലാത്തതിനാലാണ് മറ്റുള്ളവരോട് ഇവരെ ഏറ്റെടുക്കാൻ നിർദേശിച്ചിരുന്നത്. ഒന്നുമില്ലാത്ത തന്റെ വീട്ടിലേക്ക് ഈ പാവങ്ങളെ കാരുണ്യത്തിന്റെ തിരുദൂതർ ക്ഷണിക്കുകയാണ്. ഉള്ളത് എന്താണോ അത് അവർക്ക് അവിടുന്ന് നൽകുന്നു. പല സന്ദർഭങ്ങളിലും നബിﷺക്കു തന്നെ പട്ടിണികിടക്കേണ്ടിവന്നിട്ടുണ്ട്. എന്നാലും അവർ പരസ്പരം സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞു. കിട്ടുന്ന ഭക്ഷണം എല്ലാവരും തുല്യമായി വീതിച്ചുകഴിക്കും.

അഹ്‌ലുസ്സുഫ്ഫഃയിൽ പെട്ട അ

ബൂഹുറയ്റ(റ) അവരുടെ സ്ഥിതി വിവരിക്കുന്നത് കാണുക:

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "തീർച്ചയായും അസ്വ്ഹാബുസ്സ്വുഫ്ഫയിലെ എഴുപത് പേരെ ഞാൻ കാണുകയുണ്ടായിട്ടുണ്ട്. അവരിൽ ഒരു തട്ടമുള്ള ഒരാളുപോലും ഉണ്ടായിരുന്നില്ല. ഒരു തുണിയോ പുതപ്പോ (മാത്രമാണ് അവർക്ക് ഉണ്ടായിരുന്നത്). (അത്) അവരുടെ പിരടിയിലേക്ക് അവർ കെട്ടിയിടും. അങ്ങനെ അവയിൽനിന്ന് (ചിലത്) കണങ്കാലിന്റെ പകുതിവരെ എത്തുന്നതും അതിലെ (ചിലത്) നെരിയാണിയിൽ എത്തുന്നതും ഉണ്ടായിരുന്നു. എന്നിട്ട് അയാൾ തന്റെ നഗ്നത കാണപ്പെടുന്നത് വെറുപ്പായതിനാൽ അത് തന്റെ കൈകൊണ്ട് ചേർത്തുപിടിക്കുമായിരുന്നു" (ബുഖാരി).

മുജാഹിദിൽനിന്ന് നിവേദനം: "അബൂഹുറയ്റ പറയാറുണ്ടായിരുന്നു: 'അല്ലാഹുവാണ സത്യം! അവനല്ലാതെ ആരാധ്യനില്ല. വിശപ്പിനാൽ ഞാൻ നിലത്ത് കമിഴ്ന്ന് കിടക്കുമായിരുന്നു. വിശപ്പിനാൽ ഞാൻ എന്റെ വയറിൽ കല്ല് വെച്ചുപിടിപ്പിക്കുമായിരുന്നു. (അങ്ങനെ) ഒരു ദിവസം ഞാൻ (ജനങ്ങൾ) പുറപ്പെടുന്ന വഴിയിൽ ഇരിക്കുകയാണ്. അപ്പോൾ അബൂബക്ർ (അതിലൂടെ) നടന്നുവന്നു. ഞാൻ അദ്ദേഹത്തോട് അല്ലാഹുവിന്റെ കിതാബിലെ ഒരു ആയത്തിനെ പറ്റി ചോദിച്ചു. ഞാൻ അദ്ദേഹത്തോട് (അങ്ങനെ) ചോദിച്ചത് എനിക്ക് വിശപ്പ് മാറ്റാനായിരുന്നു. അങ്ങനെ അദ്ദേഹം നടന്നു, ഒന്നും (എനിക്ക്) ചെയ്തില്ല. പിന്നീട് ഉമർ എന്റെ (അരികിലൂടെ) നടന്നു. അപ്പോൾ ഞാൻ അദ്ദേഹത്തോട് അല്ലാഹുവിന്റെ കിതാബിലെ ഒരു ആയത്തിനെ പറ്റി ചോദിച്ചു. ഞാൻ അദ്ദേഹത്തോട് (അങ്ങനെ) ചോദിച്ചത് എനിക്ക് വിശപ്പ് മാറ്റാനായിരുന്നു. അങ്ങനെ അദ്ദേഹം നടന്നു, ഒന്നും (എനിക്ക്) ചെയ്തില്ല. പിന്നീട് എന്റെ അരികിലൂടെ നബി(ﷺ) നടന്നു. എന്നെ കണ്ടതും നബി(ﷺ) പുഞ്ചിരിച്ചു. എന്റെ മനസ്സിലുള്ളതും എന്റെ മുഖത്തുള്ളതും നബി(ﷺ) മനസ്സിലാക്കിയിരുന്നു. പിന്നീട് നബി(ﷺ) പറഞ്ഞു: 'ഓ, അബൂഹുറയ്റാ! ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, നിങ്ങൾക്ക് (ഞാൻ) ഉത്തരം തന്നിരിക്കുന്നു.' നബി(ﷺ) പറഞ്ഞു: 'കൂടെ വരൂ.' തുടർന്ന് നബി(ﷺ) നടന്നു. ഞാൻ അവിടുത്തെ പിന്തുടരുകയും ചെയ്തു. അങ്ങനെ അവിടുന്ന് (വീട്ടിൽ) പ്രവേശിച്ചു. അനുവാദം ചോദിച്ചു. എനിക്ക് അനുവാദം തരികയും ചെയ്തു. അങ്ങനെ (വീട്ടിൽ) പ്രവേശിച്ചു. അപ്പോൾ ഒരു പാത്രത്തിൽ പാൽ ഉണ്ടായിരുന്നു. അപ്പോൾ നബി(ﷺ) ചോദിച്ചു: 'ഈ പാൽ എവിടെ നിന്നാണ്?' അവർ പറഞ്ഞു: 'അത് ഇന്നയാൾ അങ്ങേക്ക് നൽകിയ ഹദ്‌യയാകുന്നു.' നബി(ﷺ) പറഞ്ഞു: 'ഓ, അബൂഹുറയ്റാ!' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, നിങ്ങൾക്ക് (ഞാൻ) ഉത്തരം തന്നിരിക്കുന്നു.' നബി(ﷺ) പറഞ്ഞു: 'അഹ്‌ലുസ്സ്വുഫ്ഫയിൽ ചെന്ന് അവരെ എന്റെ അടുത്തേക്ക് ക്ഷണിക്കുക.' അബൂഹുറയ്റ(റ) പറയുന്നു: 'അഹ്‌ലുസ്സ്വുഫ്ഫ ഇസ്‌ലാമിന്റെ അതിഥികളാണ്. അവർ കുടുംബത്തിലേക്കോ ധനത്തിലേക്കോ മറ്റുള്ളവരിലേക്കോ അഭയമില്ലാത്തവരാണ്. നബി(ﷺ)ക്ക് വല്ല സ്വദക്വയും വന്നാൽ അതിൽനിന്ന് ഒന്നും അവിടുന്ന് എടുക്കാതെ അവരിലേക്ക് അത് അയക്കും. നബി(ﷺ)ക്ക് വല്ല ഹദ്‌യയും വന്നാൽ അതിൽനിന്ന് എന്തെങ്കിലും അവിടുന്ന് എടുക്കുകയും അവരെയും അതിൽ പങ്കുചേർക്കുകയും ചെയ്യും. അത് എനിക്ക് പ്രയാസമായി. അപ്പോൾ ഞാൻ പറഞ്ഞു: 'ഈ പാലും



അഹ്‌ലുസ്സുഫ്ഫയിൽ? (വീതിക്കുകയോ). ഈ പാലിൽനിന്ന് കുടിച്ച് ശക്തിയാർജിക്കാൻ ഏറ്റവും അർഹൻ ഞാനാണല്ലോ.' അങ്ങനെ (അവർ) വന്നാൽ (അവിടുന്ന്) എന്നോട് കൽപിക്കും, അപ്പോൾ ഞാൻ അത് അവർക്ക് നൽകുകയും വേണം. (അങ്ങനെ) ഈ പാലിൽനിന്ന് എന്തെങ്കിലും കിട്ടിയേക്കാം. അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കൽ അനിവാര്യമാണല്ലോ. അതിനാൽ ഞാൻ അവരുടെ അടുത്ത് ചെല്ലുകയും അവരെ ക്ഷണിക്കുകയും ചെയ്തു. അങ്ങനെ അവർ വന്നു. അവർ (നബിﷺയോട്) അനുവാദം ചോദിക്കുകയും നബിﷺ അവർക്ക് അനുവാദം നൽകുകയും ചെയ്തു. വീട്ടിൽ ഓരോരുത്തരും അവരുടെ ഇരിപ്പിടം സ്വീകരിച്ചു.' നബിﷺ പറഞ്ഞു: 'അബൂഹുറയ്‌റാ!' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഞാനിതാ ഉത്തരം ചെയ്തിരിക്കുന്നു.' നബിﷺ പറഞ്ഞു: '(ഇത്) എടുക്ക്, എന്നിട്ട് അവർക്ക് നൽകൂ.' അബൂഹുറയ്‌റ رضي الله عنه പറയുന്നു: 'അങ്ങനെ ഞാൻ ആ കോപ്പ എടുത്തു. എന്നിട്ട് അത് ഒരാൾക്ക് നൽകി. ദാഹം മാറുവോളം അദ്ദേഹം അത് കുടിച്ചു. പിന്നീട് ആ കോപ്പ എനിക്ക് തിരിച്ചു നൽകി. അങ്ങനെ അത് മറ്റൊരാൾക്കും നൽകി. അദ്ദേഹവും ദാഹം മാറുവോളം അത് കുടിച്ചു. പിന്നീട് ആ കോപ്പ എനിക്ക് തിരിച്ചു നൽകി. (അങ്ങനെ അത് മറ്റൊരാൾക്കും നൽകി). അദ്ദേഹവും ദാഹം മാറുവോളം അത് കുടിച്ചു. പിന്നീട് ആ കോപ്പ എനിക്ക് തിരിച്ചു നൽകി. അങ്ങനെ നബിﷺയിൽ അവസാനിക്കുന്നത് വരെ (അത് മാറി മാറി കുടിച്ചു). അവർ എല്ലാവരും അത് കുടിച്ചു. അങ്ങനെ ആ കോപ്പ നബിﷺയുടെ കൈയിൽ വെച്ചു. എന്നിട്ട് അവിടുന്ന് എന്നെ നോക്കി ഒന്ന് പുഞ്ചിരിച്ചു. എന്നിട്ട് നബിﷺ പറഞ്ഞു: 'അബൂഹുറയ്‌റാ!' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ.' നബിﷺ പറഞ്ഞു: 'ഞാനും നീയും ബാക്കിയായി.' ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങ് പറഞ്ഞത് സത്യമാണ്.' നബിﷺ പറഞ്ഞു: 'താങ്കൾ ഇരിക്കൂ, എന്നിട്ട് കുടിക്കൂ.' അങ്ങനെ ഞാൻ ഇരിക്കുകയും എന്നിട്ട് കുടിക്കുകയും ചെയ്തു. അപ്പോൾ നബിﷺ പറഞ്ഞു: 'കുടിക്കൂ.' അങ്ങനെ ഞാൻ കുടിച്ചു. 'താങ്കൾ കുടിക്കൂ' എന്ന് നബിﷺ പറഞ്ഞുകൊണ്ടേയിരുന്നു. അങ്ങനെ ഞാൻ പറഞ്ഞു: 'സത്യവുമായി അങ്ങയെ അയച്ചവൻ തന്നെയാണ സത്യം, ഇനി പ്രവേശിക്കാൻ ഒരു സ്ഥലവും ഞാൻ കാണുന്നില്ല.' നബിﷺ പറഞ്ഞു: 'എങ്കിൽ അത് ഒന്ന് എനിക്ക് കാണിക്കൂ.' അപ്പോൾ ഞാൻ അത് നബിﷺക്ക് നൽകി. അപ്പോൾ അവിടുന്ന് അല്ലാഹുവിനെ സ്തുതിക്കുകയും ബിസ്മി ചൊല്ലുകയും ബാക്കിയുള്ളത് കുടിക്കുകയും ചെയ്തു"(ബുഖാരി).

അബൂഹുറയ്‌റ رضي الله عنه അടക്കമുള്ള ആ പാവപ്പെട്ട സ്വഹാബിമാരുടെ പ്രയാസമേറിയ അവസ്ഥയാണ് നാം ഇവിടെ കണ്ടത്. വിശപ്പിന്റെ കാഠിന്യത്താൽ മണ്ണിലേക്ക് വീണുകിടക്കുന്നു, വയറിൽ കല്ല് വെച്ചുകെട്ടുന്നു, നമസ്കാരത്തിൽ പലപ്പോഴും പലരും ബോധരഹിതരായി വീഴുന്നു...! വിശന്ന് അവശനാകുമ്പോൾ അബൂഹുറയ്‌റ رضي الله عنه പള്ളിയുടെ പുറത്ത് ആളുകൾ വരുന്ന വഴിയിൽ ഇരിക്കുന്നു. തന്റെ അവസ്ഥ കണ്ടിട്ട് ആരെങ്കിലും ഭക്ഷണത്തിന് ക്ഷണിച്ചാലോ എന്ന് ആഗ്രഹിച്ചായിരുന്നു ആ ഇരുത്തം. അബൂബക്‌റി رضي الله عنه നെയും ഉമറി رضي الله عنه നെയും കണ്ടപ്പോൾ ക്വുർആനിലെ ഒരു സൂക്തത്തിന്റെ ഉദ്ദേശത്തെ പറ്റി ചോദിക്കുന്നു. തന്റെ ചോദ്യത്തിൽനിന്ന് തന്റെ സ്ഥിതി മനസ്സിലാക്കി തന്നെ ഒന്ന് കൂട്ടിക്കൊണ്ടുപോകുമോ എന്ന് ഉദ്ദേശിച്ചാണ് ചോദ്യം. എന്നാൽ ഇരുവർക്കും അദ്ദേഹം ചോദിച്ചതിന്റെ ഉദ്ദേശ്യം മനസ്സിലായില്ല. പിന്നീട് നബിﷺയാണ് അതുവഴി വരുന്നത്. നബിﷺക്ക് അബൂഹുറയ്‌റ رضي الله عنه യെ കണ്ടപ്പോഴേക്ക് കാര്യങ്ങൾ മനസ്സിലായി. നബിﷺ അബൂഹുറയ്‌റ رضي الله عنه യെ കൂട്ടികൊണ്ടു പോയി. വീട്ടിൽ എത്തി. ഒരു കോപ്പയിൽ പാൽ ഉണ്ടായിരുന്നു. അത് സമ്മാനമായി ലഭിച്ചതാണെന്നറിഞ്ഞപ്പോൾ ഉടനെ നബിﷺ പള്ളിയിലുള്ള അഹ്‌ലുസ്സുഫ്ഫയുടെ ആളുകളെ വിളിച്ചുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഒരാൾക്ക് പോലും കുടിക്കാൻ തികയാത്ത പാലിലേക്കാണ് ഒരുപാടുപേരെ ക്ഷണിക്കുന്നത്! അല്ലാഹുവിന്റെ റസൂലിന്റെ കൽപനയോട് അനുസരണക്കേട് കാണിക്കാൻ പാടില്ലല്ലോ. നബിﷺ നിർദേശിച്ചത് പ്രകാരം അബൂഹുറയ്‌റ: رضي الله عنه ചെയ്തു. എല്ലാവരും വന്നു. വീടിന്റെ അകത്തും പുറത്തുമായി എല്ലാവരും ഇരുന്നു. ഒരു കോപ്പ പാൽ എല്ലാവരും വിശപ്പ് മാറുവോളം കുടിച്ചിട്ടും തീർന്നില്ല. അവസാനം നബിﷺയും അബൂഹുറയ്‌റ رضي الله عنه യും മാത്രമായി. അബൂഹുറയ്‌റ رضي الله عنه വയറു നന്നായി നിറയുംവരെ കുടിച്ചു. ശേഷം കാരുണ്യത്തിന്റെ തിരുദൂതരും കുടിച്ചു. പ്രവാചകരിലൂടെ അല്ലാഹു വെളിവാക്കിയ അത്ഭുത ദൃഷ്ടാന്തമായിരുന്നു ആ സംഭവം.

**(അവസാനിച്ചില്ല)**

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

സ്മരണ



# എലാങ്കോട് കുഞ്ഞബ്ദുല്ല ഹാജി; വേറിട്ട വ്യക്തിത്വം

മരണം ആർക്കും ഒഴിച്ചുകൂടാനാവാത്ത ഒരു യഥാർഥ്യമാണ്. സാധാരണ ഒരാൾ മരിച്ചു ദിവസങ്ങളോ മാസങ്ങളോ കഴിയുമ്പോൾ ഏറെക്കുറെ ആ വ്യക്തി വിസ്മരിക്കപ്പെട്ടിരിക്കും. എന്നാൽ ചില വ്യക്തികൾ പിൻതലമുറക്ക് ബാക്കിവെച്ച മഹിതമാതൃകകൾ ഒരിക്കലും മറക്കാനാവാത്തതാണ്. ചരിത്രത്തിലെ ഗുണ പാഠങ്ങൾ എന്ന് നാം പറയുന്നത് ഈ ബാക്കിവെച്ച നല്ല മാതൃകകളെപ്പറ്റിയാണല്ലോ.

എലാങ്കോട് പി.കെ കുഞ്ഞബ്ദുല്ല ഹാജിയുടെ വിയോഗ വാർത്തയറിഞ്ഞപ്പോൾ ചില വ്യക്തിത്വങ്ങളിൽ അപൂർവമായി കാണുന്ന മഹനീയമാതൃകകളാണ് ഓർമവന്നത്. കേരളത്തിലെ ഇസ്‌ലാഹി തറവാടുകളിലൊന്നായി വിശേഷിപ്പിക്കാവുന്ന, അനേകം പണ്ഡിതന്മാരുടെയും കാരണവന്മാരുടെയും ഈറ്റില്ലമായ കടവത്തൂരും പരിസര പ്രദേശങ്ങളുമായി 1975 കാലം മുതൽ ഞാൻ ബന്ധപ്പെടാറുണ്ട്. കെ.പി കുഞ്ഞിമൂസ മൗലവി, ഇ.കെ മൗലവി, എടപ്പാറ കുഞ്ഞഹമ്മദ് മൗലവി, കെ.എൻ ഇബ്‌റാഹീം മൗലവി, എൻ.കെ അഹ്മദ് മൗലവി തുടങ്ങിയ പണ്ഡിത ശ്രേഷ്ഠന്മാരും പി. പി മമ്മുഹാജി, പി.കെ മമ്മുഹാജി

തുടങ്ങിയ കാരണവന്മാരും ആ പ്രദേശങ്ങളിൽ മാത്രമല്ല കേരളത്തിൽ മൊത്തം മുസ്‌ലിം നവോത്ഥാനത്തിന് നേതൃത്വം നൽകിയവരായിരുന്നു. ഈ മഹാന്മാരുടെ ശിക്ഷണത്തിൽ വളർന്നുവന്ന പിൻതലമുറയിലെ ഉമറാക്കളിൽ മുതിർന്ന വ്യക്തിയാണ് പി.കെ കുഞ്ഞബ്ദുല്ല ഹാജി. മരണപ്പെടുമ്പോൾ കെ.എൻ.എം വൈസ് പ്രസിഡന്റും കേരള സ്‌റ്റേറ്റ് മുസ്‌ലിം ലീഗിന്റെ കൗൺസിലറുമായിരുന്നു. ഇതിനുപുറമെ, എലാങ്കോട് ഓർഫനേജ് കമ്മിറ്റി അധ്യക്ഷൻ, നമാഉൽ ഇസ്‌ലാം സംഘം പ്രസിഡന്റ്, റാഹ ഡയാലിസിസ് സെന്റർ ചെയർമാൻ തുടങ്ങിയ സ്ഥാപനങ്ങളുടെ പിന്നിലും കുഞ്ഞബ്ദുല്ല ഹാജിയുടെ ധീരമായ നേതൃത്വമുണ്ടായിരുന്നു

1970കളുടെ തുടക്കംമുതൽ യുഎഇയിൽ എത്തിയ ഹാജി സാഹിബ് വിപുലമായ ബിസിനസ്സ് സംരംഭങ്ങളാരംഭിച്ചു. 'അൽമദീന ഗ്രൂപ്പ്' എന്ന പേരിലരിയപ്പെട്ട ഈ ബിസിനസ്സുകളുടെ നേട്ടം ഗൾഫ് നാടുകളിലെ മലയാളികളിലും നാട്ടിലും പരിസരങ്ങളിലും മാത്രമല്ല കേരളമൊട്ടുക്കുമുള്ള മത, സാമൂഹ്യ, രാഷ്ട്രീയ മേഖലകളിലും വ്യാപകമായിരുന്നു. ഗൾഫ് നാടുകളിലും നാട്ടിലും അയൽസംസ്ഥാനങ്ങളിലും ഒട്ടേറെ സംരംഭങ്ങളുള്ള കുഞ്ഞബ്ദുല്ല ഹാജി, എന്നാൽ വിനീതനും അൽപം മാത്രം സംസാരിക്കുവാനിഷ്ടപ്പെട്ട വിനയാന്വിതനുമായിരുന്നു. എല്ലാ മതവിഭാഗങ്ങളോടും ദരിദ്ര-സമ്പന്ന വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരോടും ആർദ്രതയും സ്നേഹവും പുലർത്തിയിരുന്ന അദ്ദേഹം നൽകിയിരുന്ന ദാനധർമങ്ങൾ തന്റെ ഉറ്റവർപോലും അറിയരുതെന്ന് നിർബന്ധമുണ്ടായിരുന്നു.

മത, രാഷ്ട്രീയ, സാമൂഹ്യ മേഖലകളിലെ നിറസാന്നിധ്യമായിരുന്ന ഹാജി സാഹിബ് സമൂഹത്തിലെ സ്പന്ദനങ്ങൾ സൂക്ഷ്മമായി തിരിച്ചറിയുകയും താനുമായി ബന്ധമുള്ളവരെ കൃത്യമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. താൻ നിരീക്ഷിച്ചെടുത്ത നിലപാടുകളും അഭിപ്രായങ്ങളും പതുക്കെയാണെങ്കിലും ധീരമായി അദ്ദേഹം പ്രകടിപ്പിക്കാറുമുണ്ടായിരുന്നു. സമ്പന്നതയുടെ ഉന്നത ശ്രേണിയിലെത്തിയിട്ടും അതിന്റെ യാതൊരു ഭാവവുമില്ലാതെ കണിശമായ മതനിഷ്ഠയിൽ വിനയാന്വിതനായി സ്വയം ജീവിക്കാനും അതനുസരിച്ച് കുടുംബത്തെ വളർത്താനും അദ്ദേഹം ബദ്ധശ്രദ്ധനുമായിരുന്നു. അനാരോഗ്യം മൂലം വിശ്രമത്തിലാകുന്നതുവരെ ഗൾഫ് നാടുകളിലും നാട്ടിലും എല്ലാ ദീനീ പരിപാടികളിലും കല്യാണം, മരണം തുടങ്ങിയ സന്ദർഭങ്ങളിലും അദ്ദേഹം എത്തിച്ചേരുകയും പ്രോത്സാഹിപ്പിക്കാനും ആശ്വസിപ്പിക്കാനും കയ്യഴിഞ്ഞ് സഹായിക്കാനും മുന്നിൽ നിൽക്കുകയും ചെയ്തു.

**മത, രാഷ്ട്രീയ, സാമൂഹ്യ മേഖലകളിലെ നിറസാന്നിധ്യമായിരുന്ന ഹാജി സാഹിബ് സമൂഹത്തിലെ സ്പന്ദനങ്ങൾ സൂക്ഷ്മമായി തിരിച്ചറിയുകയും താനുമായി ബന്ധമുള്ളവരെ കൃത്യമായി മനസ്സിലാക്കുകയും ചെയ്തിരുന്നു. താൻ നിരീക്ഷിച്ചെടുത്ത നിലപാടുകളും അഭിപ്രായങ്ങളും പതുക്കെയാണെങ്കിലും ധീരമായി അദ്ദേഹം പ്രകടിപ്പിക്കാറുമുണ്ടായിരുന്നു. സമ്പന്നതയുടെ ഉന്നത ശ്രേണിയിലെത്തിയിട്ടും അതിന്റെ യാതൊരു ഭാവവുമില്ലാതെ കണിശമായ മതനിഷ്ഠയിൽ വിനയാന്വിതനായി സ്വയം ജീവിക്കാനും അതനുസരിച്ച് കുടുംബത്തെ വളർത്താനും അദ്ദേഹം ബദ്ധശ്രദ്ധനുമായിരുന്നു. അനാരോഗ്യം മൂലം വിശ്രമത്തിലാകുന്നതുവരെ ഗൾഫ് നാടുകളിലും നാട്ടിലും എല്ലാ ദീനീ പരിപാടികളിലും കല്യാണം, മരണം തുടങ്ങിയ സന്ദർഭങ്ങളിലും അദ്ദേഹം എത്തിച്ചേരുകയും പ്രോത്സാഹിപ്പിക്കാനും ആശ്വസിപ്പിക്കാനും കയ്യഴിഞ്ഞ് സഹായിക്കാനും മുന്നിൽ നിൽക്കുകയും ചെയ്തു.**

തൊണ്ണൂറ് വയസ്സുവരെ ജീവിച്ച ഹാജി സാഹിബിന്റെ ജീവിതത്തിൽ മത-രാഷ്ട്രീയ രംഗങ്ങളിലും മറ്റു പൊതുമേഖലകളിലും പ്രവർത്തിക്കുന്നവർക്ക് ഒട്ടേറെ മാതൃകയുണ്ട്. കുഞ്ഞബ്ദുല്ല ഹാജിയുടെ മക്കളും സഹോദരങ്ങളുമടങ്ങുന്ന പ്രദേശത്തെ പ്രമുഖ വ്യക്തിത്വങ്ങൾ ആ മഹനീയ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവരാണെന്നത് സന്തോഷവും സമാധാനവും നൽകുന്നു. സമ്പത്തുകൊണ്ട് പരിധിവിടാതെ, സ്ഥാനമാനങ്ങൾ ഒട്ടും ആഗ്രഹിക്കാതെ, എല്ലാ മനുഷ്യർക്കും നാടിനും തണലും കുളിരുമായി ജീവിച്ച മഹാന്മാർ ഈ സമുദായത്തിൽ ഇനിയും ഉണ്ടാവട്ടെ എന്ന് പ്രാർഥിക്കുന്നു. അദ്ദേഹത്തെയും നമ്മളെയെല്ലാവരെയും അല്ലാഹു ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചുകൂട്ടുമാറാകട്ടെ. അദ്ദേഹവും സഹപ്രവർത്തകരും വളർത്തിയെടുത്ത മത, വിദ്യാഭ്യാസ കേന്ദ്രങ്ങളും മറ്റു സംരംഭങ്ങളും തുടർന്നും നാട്ടിന്നും സമൂഹത്തിന്നും തണലായി ഭവിക്കാൻ റബ്ബ് തൗഫീഖ് നൽകുമാറാകട്ടെ- ആമീൻ.

ഡോ. സി.മുഹമ്മദ് റാഫി ചെമ്പ്ര
rafichembra@gmail.com



# പൂന്തോട്ടം

ഞങ്ങൾക്കുണ്ടൊരു പൂന്തോട്ടം
എത്ര മനോഹരി പൂന്തോട്ടം!
ചെടികൾ ഇലച്ചത് നിൽക്കുന്നു
ചിലതിൽ പൂവുകൾ വിടരുന്നു
പൂവുകളോ പല വർണങ്ങൾ
മഞ്ഞയും ചോപ്പും വയലറ്റും
പല രൂപത്തിൽ പല തരമിൽ
കൊച്ചു വെളുപ്പാൻ കാലത്ത്
നിറഞ്ഞു നിൽക്കും മുല്ലപ്പൂ
രാത്രിയിലാണവ വിരിയുന്നേ
ഉമ്മയതാണത് ചൊല്ലിയത്
പത്ത് മണിക്ക് വിരിയുന്ന
പത്ത് മണിപ്പൂ എന്ത് രസം!
പൂമ്പാറ്റകളും പൂവണ്ടും
പൂന്തേൻ നുകരാൻ വന്നാലും
പൂക്കൾ നൽകും പൂന്തോട്ടം
എത്ര മനോഹരമീ തോട്ടം!



# പൂമ്പാറ്റ

പൂ പു പൂ പു പൂമ്പാറ്റേ
പുതുമകളേറും പൂമ്പാറ്റേ
പൂവുകൾ തോറും പാറിനടന്ന്
പൂന്തേൻ നുകരും പൂമ്പാറ്റേ
പൂക്കൾ വിടരും കാലത്ത്
പൂവിതളിൽ നീ എത്തുന്നു
പൂക്കൾ വാടിപ്പോയാലോ
പുതു പൂ തേടിപ്പോകുന്നു
പൂന്തേൻ തേടിയടുക്കുമ്പോൾ
പൂക്കൾ പുഞ്ചിരി തൂകുന്നോ?



WISDOM students

നിറങ്ങൾ കൊണ്ട് വിസ്മയം തീർക്കാൻ

# സർഗ വസന്തം

ജൂലൈ - ഒക്ടോബർ 2021

ശാഖ, മണ്ഡലം, ജില്ല കേന്ദ്രങ്ങളിൽ

wisdomstudents

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 AUGUST 07

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-




GET IT ON Google Play
Download on the App Store

പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ

A/C No. 918010068641992
A/C Name WISDOM ISLAMIC ORGANIZATION COMMUNICATION WING
IFSC Code UTIB0000136
Bank AXIS BANK LTD CALICUT BRANCH

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App